# അഭിവന്ദ്യ മോർ ബസ്സേലിയോസ് മാർത്തോമാ പൗലൂസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനിയ്ക്ക് ഒരു തുറന്ന കത്ത്

**അഭിവന്ദ്യ ബാവാ തിരുമേനി,**

ജീവനുള്ളവരെയും, മരിച്ചവരെയും ന്യായം വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനുമായ യേശുമ്ശിഹായുടെ നാമത്തിൽ സ്നേഹവന്ദനം.

'Tortured for Christ' എന്ന സംഘടനയുടെ സ്ഥാപകനായിരുന്ന റവ. റിച്ചാർഡ് വുംബ്രാൻഡ് (ക്രിസ്തീയ വിശ്വാസത്തിലേയ്ക്കു കടന്നു വന്ന ഒരു യഹൂദനായിരുന്നു അദ്ദേഹം) വിശ്വാസജീവിതത്തിൽ നേരിട്ട കഠിന പ്രതിസന്ധികളെയും, പീഡനങ്ങളെയും കുറിച്ച് പ്രതിപാദിക്കുമ്പോൾ പറയുന്ന ഒരു സംഭവമുണ്ട്.

കമ്മ്യൂണിസ്റ്റ് ഭരണം സോവിയറ്റ് യൂണിയനിൽ ശക്തമായിരിക്കുന്ന കാലം. സഭാവ്യത്യാസമെന്യേ സുവിശേഷ പ്രഘോഷകരേയും, സുവിശേഷതത്പരരെയും, ശിക്ഷണങ്ങൾക്കു കുപ്രസിദ്ധി നേടിയ ജയിലുകളിൽ അതികഠിനമായി പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു. റഷ്യൻ ഓർത്തഡോക്സ് സഭയിലെയും, അനേകം വിശ്വാസികളും, വൈദികരും പ്രസ്തുത ജയിലുകളിലുണ്ട്. എന്നാൽ സർക്കാരിനെ വെറുപ്പിക്കാതെ വിശ്വാസതീക്ഷ്ണതയോട് തണുപ്പൻ നയം സ്വീകരിച്ച് നീങ്ങിയ റഷ്യൻ ഓർത്തഡോക്സ് സഭയുടെ ഔദ്യോഗികനേതൃത്വം പീഡനങ്ങളിൽ നിന്നും തന്ത്രപൂർവ്വം രക്ഷപ്പെട്ടു. യേശുക്രിസ്തുവും, തന്റെ സുവിശേഷവും, സുവിശേഷ പ്രഘോഷകരും, അതിനെ പിൻപറ്റിയവരും ചിന്തിക്കാനാവാത്ത പീഡനങ്ങളിലൂടെ കടന്നു പോയിക്കൊണ്ടിരിക്കുമ്പോൾ, റഷ്യൻ ഓർത്തഡോക്സ് സഭയുടെ ഒരു വിശേഷാൽ സിനഡ് കൂടി താഴെ പറയുന്ന കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തത്രെ .

1. പരിശുദ്ധ ദൈവമാതാവിന്റെ കണ്ണുകളുടെ നിറം, നീലയായിരുന്നോ, തവിട്ടായിരുന്നോ?
2. മാലാഖമാർ ആണോ പെണ്ണോ ?
3. വിശുദ്ധ കുർബ്ബാനയ്ക്കുള്ള വീഞ്ഞിൽ ഒരീച്ച വീണാൽ ഈച്ച വിശുദ്ധമാകുമോ, അതോ വീഞ്ഞ് അശുദ്ധമാകുമോ?

ഇത് ഒരു പക്ഷെ അതിശയോക്തിയായിരിക്കാം, അല്ലായിരിക്കാം, എന്തുമാകട്ടെ.

വ്യക്തികളും, കുടുംബങ്ങളും, കൂട്ടങ്ങളും, രാജ്യങ്ങളും എന്നു വേണ്ട, ലോകം മുഴുവനും, വിവിധ തരങ്ങളായ വേദനകളിലൂടെയും, ദു:ഖങ്ങളിലൂടെയും, ദൂരിതങ്ങളിലൂടെയും കടന്നു പോകുമ്പോൾ,അധാർമ്മികതയും,വഷളത്വവും,മ്ലേച്ഛതയും,പാപവും കൊടികുത്തിവാഴുമ്പോൾ, ജഡമോഹങ്ങളുടെ ദുരാത്മാക്കൾ മനുഷ്യകുലത്തെ ആകമാനം ഗ്രസിച്ചിരിക്കുമ്പോൾ ''ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു'' എന്നു കൽപ്പിച്ച യേശുക്രിസ്തു ചൊരിയുന്ന രക്ഷയും, വിശുദ്ധിയും, പ്രത്യാശയും, ശാന്തിയും,സമാധാനവും ലോകത്തോട് വിളിച്ചു പറയുകയും, പങ്കു വയ്ക്കുകയും ചെയ്യേണ്ട വിശുദ്ധ സഭ, അതിനുപകരം മനുഷ്യന്റെ ആത്മരക്ഷയുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളെക്കുറിച്ച് തീവ്രതയോടെ ചിന്തിക്കുകയും, പഠിപ്പിക്കുകയും, പരസ്പരം പോരടിക്കുകയും, ഈ വിവരക്കേടിന് വിശ്വാസികൾ ബലിയാടാകുകയും ചെയ്യുന്നത് കാണുമ്പോൾ ഏറെ ദു:ഖം തോന്നുന്നു.

1910–ൽ ഉന്നതപൗരോഹിത്യസ്ഥാനികളായ 2 പിതാക്കൻമാർ തമ്മിലുണ്ടായ ഒരു അഭിപ്രായ വ്യത്യാസമാണല്ലോ, ഒരു സമൂഹം മുഴുവനായി ഏറ്റെടുത്തതും, ചേരി തിരിഞ്ഞ് പോരടി

ക്കാൻ തുടങ്ങിയതും, തലമുറകൾ കൈമാറി വാശിയുടേയും, വഴക്കിന്റെയും, വിദ്വേഷത്തിന്റെയും നൂറ്റാണ്ട് തികച്ചതും.................... ഇതിനിടയിൽ, സഭാവഴക്കിന്റെ തീവ്രതയിൽ തകർന്നുപോയ വ്യക്തിബന്ധങ്ങൾക്കും, കുടുംബബന്ധങ്ങൾക്കും, വിശ്വാസമൂല്യശോഷണങ്ങൾക്കും, വികലമാക്കപ്പെട്ട ക്രിസ്തീയസാക്ഷ്യത്തിനും, സർവ്വോപരി ദൈവസ്നേഹം തിരിച്ചറിയാതെ, വൈരാഗ്യത്തിന്റെ പാരമ്യതയിൽ നിത്യതയിലേയ്ക്ക് കടന്നുപോയ ആയിരക്കണക്കിന് ആത്മാക്കൾക്കും അന്ത്യന്യായവിധി ദിവസം നാം കണക്ക് ബോധിപ്പിക്കേണ്ടതില്ലയോ! കലുഷിതമാക്കപ്പെട്ട ഇന്നത്തെ സഭാന്തരീക്ഷത്തെക്കുറിച്ച് ദൈവതിരുസന്നിധിയിൽ നമുക്ക് എന്ത് നീതികരണമാണുള്ളത് ? നീതികരണമില്ലെന്നു മാത്രമല്ല, ഈ ഭിന്നത മൂലം വികലമാക്കപ്പെടുന്ന ക്രിസ്തീയസാക്ഷ്യത്തിനും, തുച്ഛീകരിക്കപ്പെടുന്ന ക്രിസ്തീയലക്ഷ്യത്തിനും നാം തീർച്ചയായും ശിക്ഷിക്കപ്പെടുകയും ചെയ്യും.

"നിങ്ങൾ നിമിത്തം എന്റെ നാമം ജാതികളുടെ ഇടയിൽ ദുഃഷിക്കപ്പെട്ടിരിക്കുന്നു" എന്ന ദൈവവചനം മലങ്കരയിലെ സകല വിദ്വാൻമാരെ സംബന്ധിച്ചും അന്വർത്ഥമായിരിക്കുന്നു.

വി.വേദപുസ്തകപ്രകാരവും, സുറിയാനിസഭയുടെ വിശ്വാസപ്രകാരവും, വിശ്വാസികളായി വാങ്ങിപ്പോയവർ പറുദീസയിലെ ഭാഗ്യരംഗങ്ങളിൽ കൂടുതൽ സജീവമായ അവസ്ഥയിലും, ദൈവീകസംസർഗ്ഗത്തിലും, പ്രാർത്ഥനാനുഭവത്തിലുമാണ്. സത്യം ഇതായിരിക്കെ, 1910-ലെ ഭിന്നതയ്ക്ക് കാരണക്കാരായി, കാലം ചെയ്തു പോയ പിതാക്കൻമാരോ, അവരുടെ പേരിൽ ബാവാ/മെത്രാൻ കക്ഷികൾക്കു രൂപം കൊടുത്തവർ പോലുമോ ഇന്ന് പറുദീസയിൽ ഇരുന്ന് ഈ വഴക്കും, വ്യവഹാരഭ്രാന്തും വി. സഭയിൽ തുടരണമെന്ന് ആഗ്രഹിക്കുന്നുണ്ടാവുമോ? ഒരിക്കലുമില്ല !

ഭാരതത്തിലെ ക്രിസ്തീയസഭയോളം തന്നെ പഴക്കമുണ്ട്, അതിന്റെ സുറിയാനി പൈതൃകത്തിനും. ദൈവശ്വാസീയവും, വചനാധിഷ്ഠിതവുമായ കറ തീർന്ന വിശ്വാസത്താലും, അപ്പോസ്തോലീകമായ പഠിപ്പിക്കലുകളാലും, ഹൃദയങ്ങളെ ഉരുക്കി നീർച്ചാലുകളാക്കി, ദൈവതിരുസന്നിധിയിലേയ്ക്ക് ഒഴുകി എത്തിക്കുവാൻ തക്കവണ്ണം പരിശുദ്ധാത്മ നിറവുള്ള പ്രാർത്ഥനാക്രമങ്ങളാലും, ഗീതികളാലും സമ്പുഷ്ടമായ സുറിയാനി സംസ്കൃതിയുടെ ഭാരതത്തിലെ പ്രതിരൂപമായ മലങ്കരസഭ ഇന്ന് കാണുന്നവിധം ആത്മീയമായി തകർന്നു കൊണ്ടിരിക്കുന്നത് കാലാകാലങ്ങളിൽ സഭയെ നയിച്ച പിതാക്കൻമാരുടെ പിടിപ്പുകേടും, പിടിവാശിയും, വചനാധിഷ്ഠിതമല്ലാത്ത ചിന്തയും, വാക്കും, പ്രവൃത്തിയുമാണെന്ന് പറയാതെ വയ്യ. ചരിത്രം സൂക്ഷ്മമായി പരിശോധിച്ചാൽ അത് ബോദ്ധ്യമാകും. ഇന്നും സ്ഥിതി ഒട്ടും തന്നെ വ്യത്യസ്തമല്ല. ഏതാനും പതിറ്റാണ്ടുകൾ മുമ്പു വരെ ഭാരതത്തിൽ ഏറെ മാനിക്കപ്പെട്ടിരുന്ന സുറിയാനിക്രിസ്ത്യാനിസമൂഹം വ്യവഹാരച്ചുഴിയിൽപ്പെട്ട് മുങ്ങിത്താഴുന്നതും, സമൂഹത്തിൽ പരിഹാസപാത്രമാകുന്നതും ഇതേ കാരണത്താൽ തന്നെയാണ്. പ്രഫ. ശ്രീധരമേനോന്റെ കേരളചരിത്രത്തിൽ ഏറ്റവും മാന്യതയുള്ള ഒരു സമൂഹം എന്നുവിശേഷിപ്പിക്കപ്പെട്ടവരും,കൊച്ചി മഹാരാജാവ്, മറ്റുള്ളവർക്ക് അനുകരിക്കാവുന്ന മാതൃക വച്ചുപുലർത്തുന്ന സമൂഹം എന്ന് മാനം ചാർത്തിയവരും ഒക്കെ ആയവർക്കാണ് ആത്മീയവും,സാംസ്കാരികവും ആയ ഈ അപചയം സംഭവിച്ചതെന്നോർക്കണം.

കാര്യങ്ങൾ ഇങ്ങനെയിരിക്കെ, മലങ്കര സഭാ തർക്കവുമായി ബന്ധപ്പെട്ട് ഇക്കഴിഞ്ഞ ജൂലൈ 3-ന് ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായം (പ്രസ്തുത വിധിയുടെ ചരിത്രം എന്തുതന്നെയായിരുന്നാലും) നൂറ്റാണ്ടായി നീളുന്ന സഭാവഴക്കിന് പരിഹാരമുണ്ടാക്കും എന്ന് എല്ലാവരേയും പോലെ ഈയുള്ളവരും കരുതി. സുബോധമുള്ളവർ എല്ലാം രണ്ടു സഭകളായി കാണുന്ന മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയും, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയും ഒന്നായിച്ചേർന്ന് സർവ്വശക്തനായ ദൈവത്തെ സ്തുതിക്കുന്ന സുദിനവും സ്വപ്നം കണ്ട് എല്ലാവരേയുംപോലെ ഞങ്ങളുമിരുന്നു. പ്രസ്തുത വിധിയുടെ പുറകെ മാദ്ധ്യമങ്ങളിൽ അങ്ങയുടേതായി വന്ന പ്രസംഗം കേട്ടും, പ്രസ്താവന കണ്ടും

ഞങ്ങളുടെ സ്വപ്നങ്ങൾക്ക് ചിറകു മുളച്ചു. വലിയ താമസ്സമില്ലാതെ തന്നെ കാര്യങ്ങൾ തകിടം മറിഞ്ഞു. വാശിയോടും വൈരാഗ്യത്തോടും സംസാരിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുന്ന ദുഷ്ടാത്മാക്കൾ രംഗപ്രവേശനം ചെയ്തു. അങ്ങേയ്ക്കും കാലിടറുന്നതായി ഞങ്ങൾ കേട്ടു.

ശേഷമുള്ള ദിനങ്ങൾ, ................. ഇന്നേവരെ .................. ശുദ്ധവിവരക്കേടിന്റെയും, സാമാന്യ ബോധമില്ലായ്മയുടേയും, സർവ്വോപരി വികലമാക്കപ്പെട്ട ക്രൈസ്തവ സാക്ഷ്യത്തിന്റെയും ദിനങ്ങളായി ഞങ്ങൾ എണ്ണി.

ഉത്ഥിതനായ ക്രിസ്തു ഉച്ചത്തിൽ നിലവിളിക്കുന്നത് ഞങ്ങൾ കേട്ടു. ഉത്ഥിതനെ, സർവ്വലോകത്തിന്റെയും പ്രത്യാശാദീപത്തെ നിങ്ങൾ വീണ്ടും ക്രൂശിച്ചു എന്ന് ദു:ഖത്തോടെ ഞങ്ങൾ തിരിച്ചറിഞ്ഞു.

“കടന്നു പോകുന്ന ഏവരുമേ, നിങ്ങൾക്കിതേതുമില്ലയോ” (ഗലാത്യർ 3:1 ) ക്രൂശിതനെക്കുറിച്ചുള്ള ഈ വചനം ഞങ്ങൾക്കു പുല്ലാണെന്ന് വാശിയോടെ നിങ്ങളേവരും തെളിയിക്കാൻ തുടങ്ങി, ഇപ്പോഴും അങ്ങനെതന്നെ.........

എന്തിന് തിരുമേനി ഈ അഭ്യാസപ്രകടനങ്ങളും, നിർത്താതെയുള്ള വികടസരസ്വതികളും, പള്ളിയിൽ ബലമായി കയറലും മറ്റും മറ്റും................ അങ്ങ് ദൂരെ യൂറോപ്പിലും, അമേരിക്കൻ ഐക്യനാടുകളിലുമൊക്കെ, ക്രിസ്തീയ വിശ്വാസത്തിന്റെ ഈറ്റില്ലങ്ങളായി കരുതപ്പെടുന്ന ദേശങ്ങളിൽ,വിശ്വാസികളില്ലാതെ ശൂന്യമായി കിടക്കുന്ന ബ്രഹ്മാണ്ഡൻ ദേവാലയങ്ങൾ അങ്ങേയ്ക്കും മറ്റു മെത്രാൻമാർക്കും കാണാവതല്ലേ. ഒരു കാലത്ത് വിശ്വാസികൾതിങ്ങി നിറഞ്ഞുനിന്നിരുന്ന ആ ദേവാലയങ്ങളെ ഈ അവസ്ഥയിലാക്കിയത് വിശ്വാസികളല്ല, ഒരു പരിധിവരെ, നിങ്ങളെപ്പോലെ തന്നെ സ്വന്ത പ്രവർത്തികളാലും, വാക്കുകളാലും ക്രിസ്തുവിനെ വീണ്ടും, വീണ്ടും ക്രൂശിക്കുകയും, സമൂഹമദ്ധ്യേ അവനെ അപകീർത്തിപ്പെടുത്തുകയും ചെയ്ത പൗരോഹിത്യമേലാളൻമാർ തന്നെ. ആ ദേവാലയങ്ങളൊക്കെ ഇന്നു മോസ്ക്കുകളും ഷോപ്പിംഗ് മാളുകളും, ചൂതാട്ട കേന്ദ്രങ്ങളും ബാറുകളും മറ്റുമായി മാറിക്കഴിഞ്ഞു.

സമാധാനപുനസ്ഥാപനത്തിന് വളരെ അനുകൂലമായ ഒരു കോടതിവിധി (പ്രതികൂലങ്ങളെ മറക്കുന്നില്ല) സമ്പാദിച്ചിട്ടും, കുരങ്ങന്റെ കൈയിൽ പൂമാല കിട്ടിയതുപോലെ അതിനെ കൈകാര്യം ചെയ്ത്, യാക്കോബായ/ഓർത്തഡോക്സ് വിശ്വാസികളുടെ ഇടയിൽ കൂടുതൽ വാശിയും, വൈരാഗ്യവും ജനിപ്പിച്ച്, അമിതാവേശത്തോടും എളിമ നിഴലിക്കാത്ത വിജയഭാവത്തോടുംകൂടി, പൂർണ്ണമായും ഒരു സഭാവിഭാഗത്തിന്റെയായി കൈകാര്യം ചെയ്യപ്പെട്ടു വരുന്ന പള്ളികളിൽ ബലമായി കയറിയും, ബലിയർപ്പിച്ചും, വിവാദപ്രസ്താവനകൾ നടത്തി രംഗം കൊഴുപ്പിച്ചും, പ്രസ്തുത കൂട്ടരെ തികഞ്ഞ അരക്ഷിതാവസ്ഥയിലുമാക്കി നിങ്ങളൊക്കെ മുന്നേറിയപ്പോൾ തോറ്റുപോയത് ക്രിസ്തുയേശുവും തന്റെ സുവിശേഷവും ആണെന്ന് നിങ്ങൾ തിരിച്ചറിഞ്ഞില്ല.

ഇതേ ബുദ്ധിശൂന്യതയാണ് 1995-ലെ സുപ്രീംകോടതിവിധിക്ക് ശേഷം അന്നത്തെ സഭാനേതൃത്വവും പ്രകടിപ്പിച്ചത്. ഫലമോ........................ കൂടുതൽ വിശദീകരിക്കേണ്ടതില്ലല്ലോ. 1995 ലെ വിധിക്കു ശേഷമുണ്ടായ അവസ്ഥയെക്കുറിച്ച് യശ്ശശ്ശരീരനായ ബഹു. പത്മശ്രീ കെ.എം. മാത്യുവിന്റെ(മലയാള മനോരമ മുൻ പത്രാധിപർ) വാക്കുകൾ കടമെടുക്കട്ടെ.

“വിജയം നേടിത്തന്നപ്പോൾ നരിമാൻ ഞങ്ങളോട് ഉറപ്പിച്ചു പറഞ്ഞിരുന്നു, ഈ വിജയത്തിൽ മഹാമനസ്ക്കരാവുക എന്ന്. പക്ഷെ ഞങ്ങളുടെ സമുദായത്തിലുള്ള പലർക്കും അതുൾക്കൊള്ളാനായില്ല. ഈ അവസ്ഥ വരെ എത്തിച്ച ഞങ്ങളെയൊക്കെ നിരാകരിച്ച് അവർ പുതിയ വഴികളിലൂടെ മുന്നേറി. ഹൈക്കോടതിയിൽ പുതിയ ഒരു കേസ് ഫയൽ ചെയ്തു. വിജയം സമാധാനത്തിനായിരിക്കണം എന്നൊക്കെ വിശ്വസിച്ച എനിക്കും സമാനഹൃദയർക്കും ആ പോക്കു നോക്കി നിൽക്കാനേ കഴിഞ്ഞുള്ളൂ.” (എട്ടാമത്തെ മോതിരം-പേജ് നമ്പർ 446)

ഒരു നൂറ്റാണ്ടിലേറെയായി രണ്ട് സഭകളായി (ഇടക്കാലത്ത് യോജിച്ചതും ഇവിടെ ഓർക്കുന്നു) വ്യത്യസ്ത ഭരണ ക്രമീകരണങ്ങളോടും, World Council of Churches, National Council of Churches, Kerala Council of Churches, തുടങ്ങി എല്ലാ എക്ക്യൂമിനിക്കൽ പ്രസ്ഥാനങ്ങളിലും, വെവ്വേറെ അംഗത്വത്തോടും, മറ്റു സഭകളും, സമൂഹങ്ങളും, ഗവർമെന്റും എല്ലാം രണ്ടു സഭകളായി കരുതിയും, അംഗീകരിച്ചും, വിശ്വാസാരാധനകളിൽ പൊതുവെ ഒന്നാണെങ്കിലും, വ്യത്യസ്ത കാഴ്ചപ്പാടോടെ നൂറിലേറെ വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന രണ്ടു സമൂഹങ്ങൾഒന്നായിത്തീരണമെങ്കിൽ, പ്രത്യേകിച്ചും അത് രണ്ട് ക്രൈസ്തവസമൂഹങ്ങൾ ആയിരിക്കെ, യോജിപ്പിനുള്ള മാനദണ്ഡം എന്തായിരിക്കണമെന്ന് മനസ്സിലാക്കാൻ പാഴൂർപ്പടിപ്പുര വരെ പോകണമെന്നില്ല, ലെനിൻഗ്രാഡിൽ പോയി പഠിക്കണമെന്നുമില്ല. അതിനു വേണ്ടത് വിവേകമാണ്, സാമാന്യ ബോധവും.

ഏറ്റവും നന്നായി കക്ഷിത്വം, അതും തന്റെ പേരിൽ, പ്രോത്സാഹിപ്പിക്കാമായിരുന്ന വിശുദ്ധ പൌലൂസ് ചോദിക്കുന്നതും, പറയുന്നതും നിങ്ങളും കേൾക്കണം.

“ഇന്നും നിങ്ങൾ ജഡികൻമാരല്ലോ. നിങ്ങളുടെ ഇടയിൽ ഈർഷ്യയും പിണക്കവും ഇരിക്കെ, നിങ്ങൾ ജഡികൻമാരും, ശേഷം മനുഷ്യരെപ്പോലെ നടക്കുന്നവരുമല്ലയോ? ഒരുത്തൻ: ഞാൻ പൗലോസിന്റെ പക്ഷക്കാരൻ എന്നും, മറ്റൊരുത്തൻ അപ്പല്ലോസിന്റെ പക്ഷക്കാരൻ എന്നും പറയുമ്പോൾ നിങ്ങൾ സാധാരണമനുഷ്യരല്ലയോ ? അപ്പല്ലോസ് ആര് ? പൗലോസ് ആര് ? തങ്ങൾക്കു കർത്താവ് നൽകിയതുപോലെ നിങ്ങൾ വിശ്വസിപ്പാൻ കാരണമായിത്തീർന്ന ശുശ്രൂഷകരത്രെ. ഞാൻ നട്ടു, അപ്പല്ലോസ് നനെച്ചു, ദൈവമത്രെ വളരുമാറാക്കിയത്. ആകയാൽ വളരുമാറാക്കുന്ന ദൈവമല്ലാതെ നടന്നവനും, നനെക്കുന്നവനും ഏതുമില്ല. നടുന്നവനും നനെക്കുന്നവനും ഒരുപോലെ; ഓരോരുത്തനും താന്താന്റെ അദ്ധ്വാനത്തിനൊത്തവണ്ണം കൂലി കിട്ടും. ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ; നിങ്ങൾ ദൈവത്തിന്റെ കൃഷി, ദൈവത്തിന്റെ ഗൃഹനിർമ്മാണം.” (1 കൊരിന്ത്യർ 3:3-9)

നിങ്ങളുടെയൊക്കെ വ്യവഹാര ഭ്രാന്തിനെക്കുറിച്ചും വി. പൌലൂസ് പരാമർശിക്കുന്നുണ്ട്. ചെയ്തു വരുന്ന തെറ്റിനെക്കുറിച്ച് പശ്ചാത്തപിക്കാൻ അതും ഉതകും.

“നിങ്ങളിൽ ആർക്കെങ്കിലും ഒരു സഹോദരനെപ്പറ്റി പരാതിയുണ്ടാകുമ്പോൾ അവൻ വിശുദ്ധരെ സമീപിക്കുന്നതിനു പകരം നീതിരഹിതരായ വിജാതിയരുടെ വിധി തേടാൻ മുതിരുന്നുവോ ? വിശുദ്ധർ ലോകത്തെ വിധിക്കുമെന്ന് നിങ്ങൾക്ക് അറിവില്ലേ ? നിങ്ങൾ ലോകത്തെ വിധിക്കേണ്ടവരായിരിക്കെ, നിസ്സാരകാര്യങ്ങളെക്കുറിച്ച് വിധി കൽപ്പിക്കാൻ അയോഗ്യരാകുന്നതെങ്ങനെ ? ദൂതൻമാരെ വിധിക്കേണ്ടവരാണ് നാം എന്ന് നിങ്ങൾക്കറിവില്ലേ ? അങ്ങനെയെങ്കിൽ ഐഹികകാര്യങ്ങളെക്കുറിച്ച് വിധി പറയേണ്ടിവരുമ്പോൾ, സഭ അൽപ്പവും വിലമതിക്കാത്തവരെ നിങ്ങൾ ന്യായാധിപരായി അവരോധിക്കുന്നുവോ ? നിങ്ങളെ ലജ്ജിപ്പിക്കാനാണ് ഞാനിതു പറയുന്നത്. സഹോദർ തമ്മിലുള്ള വഴക്കുകൾ തീർക്കാൻ മാത്രം ജ്ഞാനിയായ ഒരുവൻപോലും നിങ്ങളുടെ ഇടയിൽ ഇല്ലെന്നു വരുമോ ? സഹോദരൻ സഹോദരനെതിരെ പരാതിയുമായി ന്യായാസനത്തെ സമീപിക്കുന്നു. അതും വിജാതിയരുടെ ന്യായാസനത്തെ ! നിങ്ങൾ തമ്മിൽ വ്യവഹാരങ്ങൾ ഉണ്ടാകുന്നതുതന്നെ നിങ്ങളുടെ പരാജയമാണ്. എന്തുകൊണ്ട് ദ്രോഹം നിങ്ങൾക്കു ക്ഷമിച്ചുകൂടാ ? വഞ്ചന സഹിച്ചുകൂടാ ? നിങ്ങൾതന്നെ സഹോദരനെപ്പോലും ദ്രോഹിക്കുകയും വഞ്ചിക്കുകയും ചെയ്യുന്നു ! അനീതി പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു നിങ്ങൾ അറിയുന്നില്ലേ ? നിങ്ങൾ വഞ്ചിതരാകരുത്” (1 കൊരിന്ത്യർ 6: 1-9)

വി. പൗലൂസിന്റെ ഈ വാക്കുകൾ പ്രകാരം നമ്മുടെയിടയിൽ ജ്ഞാനുമുള്ളവൻ ഇല്ല തന്നെ. പരിശുദ്ധാത്മാവിനെ പ്രവർത്തിക്കാൻ അനുവദിച്ചാലല്ലേ ജ്ഞാനമുള്ളവരുണ്ടാകൂ. ആ ശീലം നമുക്കില്ലല്ലോ.

വിശുദ്ധ കുർബ്ബാനവേളയിൽ വി.ഏവൻഗേലിയോനുവേണ്ടിയല്ലാതെ, നിങ്ങളൊക്കെ വേദ പുസ്തകം വായിക്കുകയോ, ധ്യാനിക്കുകയോ ചെയ്യാറുണ്ടെന്ന് ഞങ്ങൾ കരുതുന്നില്ല. സെമിനാരി പഠനകാലത്ത് (? ) പരീക്ഷയെഴുതാൻ ഒരു പക്ഷെ വായിച്ചിരിക്കാം. എന്തായാലും ഒരു കാര്യം ഉറപ്പാണ്. ആ പുസ്തകം, നന്നായി, ദൈവാശ്രയത്തിൽ മനസ്സിരുത്തി വായിച്ചിരുന്നെങ്കിൽ ഇമ്മാതിരിയുള്ള വങ്കത്തരങ്ങൾ പറയുകയും, ശുംഭത്തരങ്ങൾ കാണിക്കുകയുമില്ലായിരുന്നു.

തങ്ങളുടെ അപ്പനപ്പൂപ്പൻമാർ പണിതുയർത്തി, ആരാധന നടത്തി വന്നിരുന്ന പള്ളികളിൽ ആരാധനയ്ക്കായി കടന്നു വന്ന ഭൂരിഭാഗം വിശ്വാസികളേയും പള്ളിയ്ക്കു പുറത്താക്കി, കുഞ്ഞുകുട്ടി വ്യത്യാസമില്ലാതെ അവരെ തല്ലിച്ചതയ്ക്കുമ്പോൾ, പള്ളിവാതിലടച്ച് അകത്ത് തിരുബലി അർപ്പിക്കുന്നു എന്നവകാശപ്പെടുന്ന വിവേകശൂന്യരും, തഖ്വീർ വിളികളുടെ അകമ്പടിയോടെ മനുഷ്യന്റെ കഴുത്തറക്കുന്ന ഐ.എസ്. ഭീകരരും തമ്മിൽ എന്താണു വ്യത്യാസം ?

ഇത് വിശ്വാസമോ, മതഭ്രാന്തോ !

പോലീസകമ്പടിയിൽ കാണിക്കുന്ന ഈ വിക്രിയകൾക്കിടയിലും സമയാസമയങ്ങളിൽ പടിഞ്ഞാറോട്ട് തിരിഞ്ഞ് ''നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ'' എന്നു പറയാൻ നിങ്ങൾക്ക് ആർക്കും ഇന്നേ വരെ യാതൊരു ലജ്ജയും ഉണ്ടായിട്ടില്ല. മന:സാക്ഷിക്കുത്തും. അത് സൂചിപ്പിക്കുന്നത് നിങ്ങളുടെ മാനസികനിലയെയാണ്. ഒരു സമൂഹത്തോടുള്ള വാശിയും, വൈരാഗ്യവും, വെറുപ്പും മനസ്സിൽ സൂക്ഷിക്കുന്ന മാനസികനില. അതിനുള്ള ചികിത്സ സർവ്വശക്തനായ ദൈവം തന്നെ തരണം. അതിനു വലിയ താമസ്സമുണ്ടാകില്ല.

പള്ളികൾക്കു പുറത്തും അകത്തും തല്ലു കൊണ്ടവരാരും ക്രിമിനലുകളായിരുന്നില്ല. പ്രാർത്ഥനക്കെത്തിയവരായിരുന്നു. നൂറ്റാണ്ടുകളായി അവരുടെ പൂർവ്വീകരും ഇന്നലെ വരെ അവരും ദൈവത്തെ ആരാധിച്ച, അവരുടെ ആകുലതകളും, ആവലാതികളും, വേദനകളും, നെടുവീർപ്പുകളുമൊക്കെ കാലാകാലങ്ങളിൽ അവർ ഇറക്കിവച്ച, സ്വന്തമെന്ന് അവർ കരുതിയ ഇടങ്ങളിൽ നിന്നും തല്ലുകൊണ്ട് ഇറക്കി വിടപ്പെട്ടവന്റെ ഹൃദയത്തിന്റെ തേങ്ങലുകളും, മനസ്സിന്റെ വിങ്ങലും അറിയണമെങ്കിൽ മനസ്സാക്ഷി വേണം. അതു നിങ്ങൾക്കില്ലല്ലോ-

എന്തു സംവിധാനങ്ങളുടെ പേരിലായാലും, ഏതു ഭരണഘടനയുടെ പേരിലായാലും, വിശ്വാസികളെ തമ്മിൽ തല്ലിക്കുന്നതും, തല്ലു കൊള്ളിക്കുന്നതും ക്രിസ്തീയമല്ല, പൈശാചികമാണ് എന്നതു സത്യം. ''താൻ ദൈവമായിരുന്നിട്ടും ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിക്കാതെ ക്രൂശിലെ മരണത്തോളം തന്നെത്തന്നെ താഴ്ത്തിയ മിശിഹാതമ്പുരാനെക്കാൾ'' (ഫിലിപ്പ്യർ 2:6,7) വലുതല്ലല്ലോ സിംഹാസനങ്ങളും, സിംഹാസനാധിപൻമാരും, മെത്രാൻമാരും, ഭരണഘടനകളും എല്ലാം................സഭാഭരണഘടന, മിശിഹാ തന്റെ സ്വന്ത രക്തത്താൽ വീണ്ടെടുത്ത, ജീവിച്ചിരിക്കുന്നവരും,വാങ്ങിപ്പോയവരുമായ വിശ്വാസികളുടെ കൂട്ടമായ തിരുസഭയെക്കാൾ വലുതല്ലതന്നെ. ഇപ്രകാരമാണ് സഭാഭരണഘടനയെ നിങ്ങൾ പ്രാവർത്തികമാക്കുന്നതെങ്കിൽ അത് സഭാമരണഘടനയായിത്തീരും എന്തിൽ സംശയം ലേശവും വേണ്ടാ. ''ശാബത് മനുഷ്യനു വേണ്ടീട്ടത്രെ. മനുഷ്യൻ ശാബത്തിനുവേണ്ടിയല്ല'' എന്ന ക്രിസ്തുവചനം എന്തേ നിങ്ങൾ സൌകര്യപൂർവ്വം മറന്നുകളഞ്ഞു.

നിങ്ങളുടെ ഇടയിൽത്തന്നെ ജീവിച്ച് ദൈവസന്നിധിയിലേയ്ക്ക് കടന്നുപോയ വിശുദ്ധനായ ഒരു മനുഷ്യനുണ്ട്. ആ വലിയ മനുഷ്യന്റെ കബറിങ്കൽപോയി അങ്ങും കൂടെയുള്ള മെത്രാൻമാരും മൂന്നു ദിവസമെങ്കിലും ഭജനയിരിക്കണം. മാദ്ധ്യസ്ഥം ചോദിച്ചു പ്രാർത്ഥിക്കണം. തീർച്ചയായും മാറ്റം വരും.' ചൈനയിൽ ഭൂകമ്പം, 5000പേർ മൃതിയടഞ്ഞു എന്ന വാർത്ത വായിച്ച്, അത് പ്രസിദ്ധീകരിച്ച പത്രവും കൈയിൽ പിടിച്ച് വാവിട്ട് നിലവിളിച്ച മനുഷ്യൻ, പരിശുദ്ധനായ പാമ്പാടി മോർ ഗ്രീഗോറിയോസ് തിരുമേനി. ചൈനയിൽ മരിച്ചവ

രാരും തിരുമേനിയുടെ ബന്ധുക്കളായിരുന്നില്ല, തിരുമേനിയ്ക്ക് പരിചയമുള്ളവരാരും തന്നെ ഉണ്ടായിരുന്നുമില്ല. പക്ഷെ മനുഷ്യന്റെ വേദന, അത് ഏത് ദേശക്കാരന്റെയോ, ഏതു മതസ്ഥന്റെയോ ആകട്ടെ, സ്വന്തം വേദനയായി അദ്ദേഹം കരുതി. അദ്ദേഹത്തെപ്പോലെയുള്ളവർ തീർച്ചയായും നിങ്ങളുടെ ഇടയിലുമുണ്ട്. പക്ഷെ ഭൂരിപക്ഷം വരുന്ന തീവ്രവാദികൾ അവരെ കുടുക്കും, മൂലയ്ക്കിരുത്തും, പറ്റുമെങ്കിൽ അടിച്ചൊതുക്കുകയും ചെയ്യും.

"എന്നാൽ നിങ്ങൾ അന്യോന്യം കടിച്ചുകീറുകയും, വിഴുങ്ങുകയും ചെയ്ത് പരസ്പരം നശിപ്പിക്കാതിരിക്കാൻ ശ്രദ്ധിച്ചുകൊള്ളുവീൻ." (ഗലാത്യർ 5: 15)

അടുത്തയിടെ നെച്ചൂർപള്ളിയിൽ പങ്കെടുത്ത ഒരു ശവസംസ്കാര ചടങ്ങ്. സ്വന്ത വിവാഹം തുടങ്ങി മക്കളുടെ മാമോദീസായും അവരുടെ വിവാഹവും, കുഞ്ഞുമക്കളുടെ മാമ്മോദീസായും, കുമ്പസാരവും, വി.കുർബ്ബാനയും എന്നുവേണ്ടാ ആവശ്യമായ കൂദാശകളും, ജീവിതത്തിലെ സകല പ്രധാന ചടങ്ങുകളും ആ പള്ളിയിൽ നിവർത്തിച്ച ഒരമ്മ, സഭാവഴക്കിലൊന്നും താത്പര്യമില്ലാതെ, ദൈവത്തെ വിളിച്ചും, ഭർത്താവിനെ ശുശ്രൂഷിച്ചും മക്കളെ വളർത്തിയും, അദ്ധ്വാനിച്ച് ജീവിച്ച ഒരു സാധാരണക്കാരി തന്റെ 80-ാം വയസ്സിൽ ദൈവസന്നിധിയിലേയ്ക്ക് വാങ്ങിപ്പോയി. കെട്ടിവന്ന കാലം മുതൽ ആ അമ്മ പ്രാർത്ഥിച്ച, ബലികളിൽ സംബന്ധിച്ച, ആ ദേവാലയത്തിനുള്ളിൽ വച്ച് തന്റെ ശവസംസ്കാര ശുശ്രൂഷ നടത്താൻ അങ്ങയുടെ കൂടെയുള്ളവർ അനുവദിക്കില്ലത്രെ. അങ്ങയുടെ പക്ഷത്ത് കേവലം നാൽപതോളം വീടുകളും, മറുപക്ഷത്ത് അറുനൂറോളം വീടുകളും ഇടവകക്കാരായി ഉള്ള ഇടത്താണ് ഈ തോന്ന്യാസമെന്ന് അങ്ങ് മനസ്സിലാക്കണം. പള്ളിയുടെ ഗെയ്റ്റിനു പുറത്ത് അമ്മയുടെ ശവശരീരം വച്ച് വൈദീകർ ശുശ്രൂഷ നടത്തുന്നു, കിഴക്കോട്ട് തിരിഞ്ഞ്. പള്ളി ഗെയിറ്റിനുള്ളിൽ അവർക്കഭിമുഖമായി പടിഞ്ഞാറേക്ക് തിരിഞ്ഞ് ലാത്തിയുമായി അമ്പതോളം പോലീസുകാരും. ശവശരീരം സംസ്കരിക്കുന്നതിനായി സെമിത്തേരിയിലേയ്ക്ക് കൊണ്ടുപോകാൻ വൈദീകർക്കും, സംസ്കാരശുശ്രൂഷയിൽ പങ്കെടുക്കാനെത്തിയ 300-ാളം പേർക്കും അനുവാദമില്ലത്രെ. ആ നിർഭാഗ്യവതിയായ അമ്മയുടെ ബന്ധുക്കളായ 20-ാളം പേർക്ക് മാത്രം ശവശരീരം മറവു ചെയ്യാൻ കൊണ്ടു പോകാമത്രെ. അവർ കൊണ്ടുപോയി. അടക്കം ചെയ്തു.

ശവസംസ്കാര ശുശ്രൂഷയ്ക്കു പൂർവ്വീകരായ വിശുദ്ധ പിതാക്കന്മാർ (നിങ്ങളുടെ കാര്യമല്ല) ക്രമങ്ങൾ നിശ്ചയിച്ചിട്ടുള്ളത് വാങ്ങിപ്പോയ ആത്മാവ് മിശിഹാതമ്പുരാന്റെ തിരുശരീരരക്തങ്ങളാൽ വീണ്ടെടുക്കപ്പെട്ടതാണെന്നുള്ള വിശ്വാസത്തിലാണല്ലോ. ആ അമ്മയ്ക്ക് അന്തസ്സായ ഒരു ശവസംസ്കാര ശുശ്രൂഷ നിഷേധിച്ചപ്പോൾ. ആ അമ്മയുടെ ആത്മാവിനുണ്ടായ വേദന, അവരുടെ പ്രിയപ്പെട്ടവരുടെ ആത്മനൊമ്പരം........................ ഈ പാപത്തിന്റെയെല്ലാം പരിഹാരവും, പ്രായശ്ചിത്തവും നിങ്ങൾ എവിടെക്കൊണ്ടു തീർക്കും ?

ഇങ്ങനെ എത്രഎത്ര അമ്മമാർ, അപ്പൻമാർ, സഹോദരങ്ങൾ................ നിങ്ങളുടെയൊക്കെ ധിക്കാരവും, അഹങ്കാരവും സഹിച്ച് യാത്രയായി...........ഇതിന്റെയൊക്കെ വേദന അറിയണമെങ്കിൽ അത് സ്വയം അനുഭവിക്കണം. അതിന് ദൈവം തമ്പുരാൻ നിങ്ങൾക്കും അവസരം തരും, തരാതിരിക്കില്ല. ഇതിനെല്ലാം നിങ്ങൾ പറയുന്ന ന്യായം മതി, നിങ്ങളുടെ വിവരക്കേടിന് തെളിവായി.............. വീണ്ടെടുക്കപ്പെട്ട ആത്മാവിലും വലുതാണോ ഭരണഘടന ? വള്ളിപുള്ളി വിടാതെ പ്രാർത്ഥനകൾ ചൊല്ലിതീർക്കുന്ന നിങ്ങൾ പഠിപ്പിക്കുന്ന 'Orthodoxy' യുടെ ഭാഗമാണോ ഈ തോന്നാസ്യമെല്ലാം..............

1934-ലെ ഭരണഘടന അംഗീകരിക്കാതെ മരിച്ചുപോയവരെ, പട്ടിയെപ്പോലെ കുഴിച്ചിടുമെന്നും അങ്ങനെയുള്ളവരുടെ ശവസംസ്കാരം അന്തസ്സുകെട്ട രീതിയിലായിരിക്കുമെന്നും നാടൊട്ടുക്കു പറഞ്ഞും, പ്രസംഗിച്ചും, എഴുതിയും വരുന്ന, അന്തസ്സും, ആഭിജാത്യവും തൊട്ടുതീണ്ടിയിട്ടില്ലാത്ത വിദ്വേഷകുതുകികളായ മെത്രാൻ/വൈദീകവേഷധാരികളെ നിലയ്ക്ക്

നിർത്താൻ എന്തേ അങ്ങേയ്ക്ക് സാധിക്കുന്നില്ല. ശ്രേഷ്ഠനും യോഗ്യനുമായ ഒരു സീനിയർ മെത്രാപ്പോലീത്താ, ഒരു പാസ്റ്ററെ തന്റെ സാന്നിദ്ധ്യത്തിൽ പ്രാർത്ഥിക്കാൻ അനുവദിച്ചു എന്ന ഒറ്റ കാരണത്താൽ അദ്ദേഹത്തിനെതിരെ നടപടി എടുക്കാൻ അങ്ങയുടെ നേതൃത്വത്തിൽ മെത്രാൻ സിനഡ് കൂടിയല്ലോ. എന്തേ, ആ വീറൊന്നും ഇവിടെ കാണുന്നില്ല.

കേവലം മാനുഷനിർമ്മിതമായ ഒരു ഭരണഘടനയുടെ പേരിൽ, തെരഞ്ഞെടുക്കപ്പെട്ട ജാതിയും, രാജകീയ പുരോഹിതവർഗ്ഗവും, വിശുദ്ധ വംശവും, ദൈവത്തിന്റെ സ്വന്ത ജനവും ആകുന്നു എന്ന് ദൈവവചനം തന്നെ (1 പത്രോസ് 2:9) വിശേഷിപ്പിക്കുന്ന വിശ്വാസികൾക്ക്, വിശ്വാസപ്രകാരമുള്ള സംസ്കാരം നിഷേധിക്കുന്നതും, അതുവഴി പരേതാത്മാക്കളെ നിന്ദിക്കുന്നതുമായ ദുർനടപടി വിശ്വാസികളെ നയിക്കുന്നവർ എന്നഭിമാനിക്കുന്ന (അതോ അഹങ്കരിക്കുന്ന എന്നോ ?) പുരോഹിതൻമാർ തന്നെ ചെയ്തു വരുന്നത്, ലോകത്തുള്ള ചെറുതും വലുതുമായ വിവിധ ക്രൈസ്തവ സഭളിൽ വെച്ച്, അങ്ങ് പ്രതിധാനം ചെയ്യുന്ന ഈ ചെറിയ സമൂഹത്തിൽ മാത്രമായിരിക്കും.

അന്താരാഷ്ട്രയുദ്ധ നിയമങ്ങളിൽപ്പോലും, എതിരാളിയുടെ ശവസംസ്കാരം അവന്റെ വിശ്വാസത്തിനനുസരിച്ച് നിർവ്വഹിച്ചുകൊടുക്കുവാൻ വ്യവസ്ഥയുണ്ടായിരിക്കെയാണ്, പാരമ്പര്യത്തിൽ പുകഴുന്ന, ഒരു ക്രിസ്തീയസഭയെന്നു വിളിക്കപ്പെടുന്ന നിങ്ങൾ, വിവര ദോഷികൾ, അക്ഷന്തവ്യമായ ഈ അപരാധം കാണിക്കുന്നത്. ഇതു പോലെയുള്ള താന്തോന്നിത്തം കാണിക്കുന്നവനെ സഭാവ്യത്യാസമെന്യെ മുക്കാലിയിൽ കെട്ടി ചമ്മട്ടിയ്ക്ക് അടിക്കണം. അപ്പോൾ മനുഷ്യനെപ്പോലെ പെരുമാറാൻ പഠിക്കും.

“മിശിഹാതമ്പുരാൻ പരീശൻമാരോട് കൽപ്പിക്കുന്നു നിങ്ങൾക്കു കഷ്ടം തുളസിയിലും, അരുതയിലും, എല്ലാ ചീരയിലും നിങ്ങൾ പതാരം കൊടുക്കുകയും ന്യായവും, ദൈവസ്നേഹവും വിട്ടു കളയുകയും ചെയ്യുന്നു.................... നിങ്ങൾക്കു പള്ളിയിൽ മുഖ്യസ്ഥാനവും, അങ്ങാടിയിൽ വന്ദനവും പ്രിയമാകുന്നു” (വി.ലൂക്കോസ് 11:42,43)

ഒരു മെത്രാപ്പോലീത്താ സാധാരണയായി വഹിച്ചിരിക്കുന്നത് 16 കുരിശുകളാണ്; തലയിലെ മസനപ്സായിൽ 13; കുരിശുമാലയിൽ ഒന്ന്, അംശവടിയിൽ ഒന്ന്, കൂടാതെ കൈയ്യിലെ സ്ലീബായും. ഇത്രയും കുരിശും വഹിച്ച്, ക്രൂശിന്റെയും ക്രൂശിതന്റെയും സാക്ഷ്യവും നഷ്ടപ്പെടുത്തി, സമൂഹത്തിന് തന്നെ ഒരു കുരിശായി നിങ്ങൾ മാറുന്ന കാഴ്ച വളരെ ദയനീയമാണ്. കുടയും, കുരിശും, കൊട്ടും, കുരവയുമായി കൊട്ടാരം പോലുള്ള കാറുകളിൽ, കൊടിയും വച്ച് നിങ്ങൾ പായുമ്പോൾ ഒരു സാധാരണ വിശ്വാസിക്ക് ഇന്നുണ്ടാകുന്ന വികാരം എന്താണെന്ന് നിങ്ങൾ ആലോചിക്കണം. അത്താഴപട്ടിണിക്കാരും, ജീവിക്കാൻ നിവൃത്തിയില്ലാത്തവരും ഒക്കെ നിറഞ്ഞ സമൂഹത്തിന്റെ - അതിൽ വിശ്വാസികളും ഉൾപ്പെടും - മുമ്പിലൂടെയാണ് കോടികളുടെ കാറിൽ ഈ പാച്ചിൽ എന്നോർക്കണം.

പളാപളാ മിന്നുന്ന സ്വർണ്ണക്കുരിശുകൾക്കു പകരം എന്തേ തടിക്കുരിശുകൾ ഉപയോഗിച്ചാൽ; മിശിഹാ തമ്പുരാൻ തിരുബലിയായത് സ്വർണ്ണക്കുരിശിൽ അല്ലല്ലോ. അപ്പോൾ നിങ്ങൾ പറയും സഭാവിശ്വാസപ്രകാരം നിങ്ങളൊക്കെ രാജാക്കന്മാരുടെ സ്ഥാനത്താണെന്ന്. പക്ഷെ, രാജാവ് വിദൂഷകനെപ്പോലെ പെരുമാറിയാലോ?

പ്രായമായ ഒരു സഭാവിശ്വാസി സഭയുടെ ദുഃസ്ഥിതിയിൽ മനംനൊന്ത് പറയുന്നത് വാട്സ് ആപ്പിലൂടെ അങ്ങും കേട്ടിരിക്കും. സാധാരണ വിശ്വാസിയുടെ നിയന്ത്രണം വിട്ടതിന്റെ തെളിവാണത്.

സഭയുടെ ദുരവസ്ഥയെക്കുറിച്ച് സഭയുടെ സമുന്നതനായ ഒരു സ്ഥാനിയുമായി സംസാരിക്കവേ, എന്തുകൊണ്ട് അദ്ദേഹത്തിനും മറ്റും, മെത്രാൻമാർ സമക്ഷം ഇക്കാര്യങ്ങൾ വിശദീകരിച്ച് അവരെ തിരുത്തുവാൻ ശ്രമിച്ചുകൂടാ എന്നു ചോദിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടി ദുഃഖകരമാണ്, ”എന്തെങ്കിലും Sense ഉള്ളവരോടല്ലേ പറയാൻ പറ്റൂ. അതൊട്ടുമില്ലെങ്കിൽ

എന്തു ചെയ്യും.'' സഭയുടെ ഔദ്യോഗിക ഭാരവാഹിത്യം ഏറ്റെടുത്തതിൽ പരിതപിച്ച അദ്ദേഹത്തോട് ഏറെ സഹതാപം തോന്നി, ആ മനുഷ്യന്റെ നിഷ്കളങ്കതയോട് ഏറെ ആദരവും.

പരീശൻമാരെയും, ശാസ്ത്രിമാരെയും വെല്ലുന്ന രീതിയിൽ നിങ്ങൾ പ്രവർത്തിക്കുമ്പോൾ, നിങ്ങൾ പൗരോഹിത്യ മേലാളൻമാർക്ക്, കീഴാളൻമാരായി തോന്നുന്ന അത്മായന്, പുരോഹിതനും താനും തമ്മിൽ ഏതാനും വാര തുണിയുടെ വ്യത്യാസമെയുള്ളു എന്നു തോന്നിയാൽ അവനെ എങ്ങനെ, കുറ്റപ്പെടുത്താൻ സാധിക്കും ? വി. പൗരോഹിത്യവും, പൗരോഹിത്യസ്ഥാനികളും സമൂഹമദ്ധ്യത്തിൽ ഇത്രമാത്രം താഴ്ത്തപ്പെട്ട് പരാമർശിക്കപ്പെടുന്നതും, വിമർശിക്കപ്പെടുന്നതും പുരോഹിതൻമാരുടെ പ്രവർത്തനശൈലികൊണ്ട് തന്നെയാണെന്ന് നിങ്ങളും തിരിച്ചറിയണം.

ജൂലൈ 3-ലെ സുപ്രീം കോടതി വിധി വന്നശേഷം സഭയുടേതായി കരുതപ്പെടുന്ന ആധുനിക വാർത്താമാദ്ധ്യമങ്ങളിലും, മറ്റും പരക്കുന്ന സന്ദേശമാണ് ''യാക്കോബായ സഭ ഇല്ലാതെയായി'' എന്ന പ്രചരണം. സ്വന്തം സ്വത്വത്തെ മറന്ന് സ്വന്ത അസ്തിത്വത്തെ തകർക്കാനുള്ള വിവരംകെട്ട ശ്രമങ്ങളെക്കുറിച്ച് സഹതപിക്കുകയല്ലാതെ എന്തു ചെയ്യാൻ. ഇരിക്കുന്ന കൊമ്പ് മുറിച്ചാലുള്ള അവസ്ഥ തിരിച്ചറിയാൻ പോലും പറ്റാത്തവണ്ണം പെരുമാറുന്ന വിവരദോഷികളോട് എന്തു പറയാൻ............. യാക്കോബായ എന്നു കേൾക്കുമ്പോൾ അത് ശ്രേഷ്ഠ കാതോലിക്കയുടേതാണെന്ന വികലമായ ചിന്തയിൽ ഹാലിളകുന്ന മാനസികാവസ്ഥയ്ക്ക് നല്ല ചികിത്സ ആവശ്യമുണ്ട്. പക്ഷെ അതിനെ പ്രോത്സാഹിപ്പിക്കുന്ന പൌരോഹിത്യപ്രഭൃതികൾക്ക് ദൈവം തമ്പുരാൻ തന്നെ മരുന്ന് കൊടുക്കണം. ആ കാലം വിദൂരമല്ല. 1934-ൽ കൂടിയ അസ്സോസ്സിയേഷൻ, ഭരണഘടന പാസ്സാക്കിയതു മുതലാണ് അതുവരേയ്ക്കും യാക്കോബായ സുറിയാനി ക്രിസ്ത്യാനികൾ എന്നറിയപ്പെട്ടിരുന്ന യാക്കോബായ സുറിയാനി സഭയിലെ ഒരു വിഭാഗം ഓർത്തഡോക്സ് സുറിയാനി സഭ എന്നറിയപ്പെടാൻ തുടങ്ങിയത് എന്നുള്ള സത്യം ഒളിച്ച് വച്ച് ജനത്തെ കബളിപ്പിക്കുന്നവർ ഒരു കാലത്ത് ഇതോർത്ത് പരിതപിക്കേണ്ടി വരും എന്നു തീർച്ച.

1934-ന് മുമ്പുള്ള സകല സുറിയാനിസഭാ രേഖകളിലും, ഇതര സഭാ രേഖകളിലും, ചരിത്രരേഖകളിലും, യാക്കോബായ സുറിയാനിക്കാർ എന്നല്ലാതെ ഓർത്തഡോക്സ് സുറിയാനിക്കാർ എന്നു രേഖപ്പെടുത്തിയിട്ടേയില്ലല്ലോ. മലങ്കര അസ്സോസ്സിയേഷൻ മുദ്രയിലും യാക്കോബായ സുറിയാനി എന്നു തന്നെയല്ലേ സുറിയാനിഭാഷയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അതേ മുദ്രയാണല്ലോ ഇന്നും അങ്ങ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. പൗരസ്ത്യകാതോലിക്കായുടെയും,മലങ്കര മെത്രാപ്പോലീത്തായുടെയും ആസ്ഥാനദേവാലയം എന്നു വിളിക്കപ്പെടുന്ന കോട്ടയത്തെ മാർ ഏലിയാ കത്തീഡ്രൽ സ്ഥിതി ചെയ്യുന്ന എം.ഡി.സെമിനാരിയുടെ വസ്തുക്കരം യാക്കോബായസുറിയാനിക്കാരുടെ പേർക്ക് ഇന്നാർ എന്ന പേരിൽ തന്നെയല്ലേ ഇന്നും അടയ്ക്കുന്നത്. പിന്നെ എന്തിനീ വാശിപിടുത്തം ?

സുറിയാനി ക്രിസ്ത്യാനികൾ എന്നറിയപ്പെടുന്നവർ 6-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന, സത്യവിശ്വാസത്തെ നിലനിർത്തിയ നീതിമാനും പരിശുദ്ധനും എന്ന് 5-ാം തുബ്ദേനിൽ വിശേഷിപ്പിക്കപ്പെടുന്ന മാർ യാക്കോബ് ബുർദ്ദോനോയുടെ പേരിനോട് ചേർത്താണ് യാക്കോബായക്കാർ എന്നറിയപ്പെടാൻ തുടങ്ങിയത് എന്നു മനസ്സിലാക്കാൻ ചരിത്രാവബോധം മാത്രം മതി. 6-ാം നൂറ്റാണ്ടുമുതൽ അറിയപ്പെടുന്ന യാക്കോബായക്കാർ എന്ന പേരിൽ തന്നെയാണ് അനേകായിരം വിശുദ്ധൻമാരും ശുദ്ധിമതികളും വിളിക്കപ്പെട്ടത് എന്നു മനസ്സിലാക്കാൻ മുൻവിധികളില്ലാത്ത മനസ്സും മതി. ആ ശുദ്ധിമാൻമാരുടെ നിരയിൽ തന്നെയാണ് പ.പരുമല തിരുമേനിയും, പ. വട്ടശ്ശേരിയിൽ തിരുമേനിയുമൊക്കെ. ഇന്നത്തെ ഓർത്തഡോക്സ് സുറിയാനി സഭയിലെ സകലരുടെയും പൂർവ്വികരും.

ചരിത്രസത്യങ്ങളെ വളച്ചൊടിക്കാതെയും, കോട്ടിമാറ്റിക്കളയാതെയും വിശ്വാസികളെ പഠിപ്പി

ക്കുവാനുള്ള ബാദ്ധ്യത അങ്ങേയ്ക്കും, കൂടെയുള്ളവർക്കും ദൈവതിരുമുമ്പാകെ ഉണ്ടെന്നുള്ളത് ഉണർത്തിച്ചുകൊള്ളട്ടെ.

യാക്കോബായക്കാർ എന്നു വിളിക്കപ്പെടുന്നതുകൊണ്ട് നിത്യരാജ്യത്തെ അവകാശമാക്കുമെന്നോ, ഓർത്തഡോക്സ് എന്നാക്കിയാൽ നിത്യദണ്ഡനത്തിൽ വീഴുമെന്നോ വിശ്വസിക്കാനുള്ള വിവരക്കേട് ഞങ്ങൾക്കില്ല. പക്ഷെ ചരിത്രത്തെ സത്യത്തിൽ ഉൾക്കൊള്ളാൻ എന്താണ് ബുദ്ധിമുട്ട് ? സൗകര്യം പോലെ മാറ്റാവുന്നതല്ലല്ലോ യഥാർഥ ചരിത്രം. "നിങ്ങളുടെ വാക്ക് ഉവ്വ്, ഉവ്വ് എന്നും ഇല്ലാ, ഇല്ലാ എന്നുമായിരിക്കട്ടെ" എന്നാണല്ലോ മിശിഹാതമ്പുരാനും കൽപ്പിക്കുന്നത്.

ഇതിനൊക്കെ പുറമെയാണ് വികാരിമാരെ നിയമിക്കൽ, ബാങ്ക് അക്കൗണ്ട് മരവിപ്പിക്കൽ, മാദ്ധ്യമങ്ങളിൽ പള്ളികളുടെ പേരിലെ യാക്കോബായ തിരുത്തി ഓർത്തഡോക്സ് എന്നാക്കൽ, പോലീസകമ്പടിയോടെ പള്ളികളിൽ കയറൽ, പള്ളികളിലെ പാത്രിയർക്കാ മുദ്ര മായിക്കൽ തുടങ്ങിയ കലാപരിപാടികൾ. നിലവിൽ വികാരിമാരും, തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളും, എല്ലാമുള്ള യാക്കോബായ പള്ളികളിലാണ് ഈ നിയമിക്കൽ, മരവിപ്പിക്കൽ, തിരുത്തൽ, കയറൽ, മായിക്കൽ തോന്ന്യാസങ്ങൾ അങ്ങയുടെ കൂട്ടർ നടത്തുന്നതെന്നോർക്കണം. ഒരു പാത്രിയർക്കീസും ഒരു കാതോലിക്കായും ഉള്ള ഏകസഭ എന്ന് അങ്ങയുടെ പക്ഷത്തുള്ള ചില മെത്രാൻമാർ പറഞ്ഞ് നടക്കവെ തന്നെയാണ് പാത്രിയർക്കാ മുദ്ര വരെ കുത്തിക്കളയുവാനുള്ള വ്യഗ്രത കാണിച്ചത്. പാത്രിയർക്കാ മുദ്രയോട് ഇത്രയും വൈരാഗ്യമെങ്കിൽ പാത്രിയർക്കീസിനോട് എന്താകും? വരിക്കോലി പള്ളിയിൽ അങ്ങ് വാശിയോടെ ബലിയർപ്പിച്ചുകൊണ്ടിരിക്കുമ്പോഴാണല്ലോ ചില വിദ്വാൻമാർ പള്ളിയുടെ മുകളിൽ കയറി പാത്രിയർക്കാ മുദ്ര മായിച്ചത്. എന്തൊരു സാക്ഷ്യം? സമ്മതിച്ചേ തീരൂ .................. കോടതി വിധികൾ പലപ്പോഴും പല മാനദണ്ഡങ്ങളുടെയും കൂട്ടായ അടിസ്ഥാനത്തിലായിരിക്കും എന്നു വ്യക്തമായി അറിഞ്ഞിരിക്കെത്തന്നെയല്ലേ സകല ക്രൈസ്തവസാക്ഷ്യവും, ധാർമ്മികതയും, മനുഷ്യത്വവും, സാമാന്യമര്യാദയും മറന്നുള്ള ഈ കടന്നു കയറ്റ നാടകങ്ങളും ആഭാസപ്രവർത്തനങ്ങളും.

"നിങ്ങൾക്ക് ലഭിച്ച വിളിക്കു യോഗ്യമായ ജീവിതം നയിക്കുവീൻ. പൂർണ്ണമായ വിനയത്തോടും ശാന്തതയോടും, ദീർഘക്ഷമയോടും കൂടെ നിങ്ങൾ സ്നേഹപൂർവ്വം അന്യോന്യം സഹിഷ്ണതയോടെ വർത്തിക്കുവീൻ. സമാധാനത്തിന്റെ ബന്ധത്തിൽ ആത്മാവിന്റെ ഐക്യം നിലനിർത്താൻ ജാഗരൂകരായിരിക്കുവീൻ." (എഫേസ്യയർ 4: 1,2,3)ഈ ദൈവവചനം അങ്ങ് വായിച്ചിട്ടില്ലേ. കേരളീയസമൂഹത്തിലെ കേവലം അഞ്ച് ശതമാനം മാത്രം വരുന്ന നമ്മുടെ കൂട്ടം അങ്ങയെപ്പോലുള്ളവരുടെ നേതൃത്വത്തിൽ കാട്ടിക്കൂട്ടുന്ന വിക്രിയകൾ ഈ സംസ്ഥാനത്ത് ഉണ്ടാക്കുന്ന അസ്വസ്ഥതകളും, അതുവഴി സമൂഹത്തിനുണ്ടാകുന്ന അമർഷവും, നമ്മോടുള്ള പുച്ഛവും,എല്ലാത്തിലുമുപരി സുവിശേഷത്തിന്റെ തോൽവിയും എന്തേ നിങ്ങൾ തിരിച്ചറിയുന്നില്ല.

അങ്ങയെപ്പോലുള്ളവർ പറയുകയും, പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു നന്മ, അനേകരെ ആ നന്മ ചെയ്യുവാൻ പ്രേരിപ്പിച്ചേക്കാം. എന്നാൽ, തിന്മയാണെങ്കിലോ, ആയിരങ്ങളെ ആവാം അത് സ്വാധീനിക്കുക. "ആശാനക്ഷരം ഒന്നു പിഴച്ചാൽ അമ്പത്തൊന്ന് പിഴയ്ക്കും ശിഷ്യന്" എന്നല്ലേ പ്രമാണം.

തുല്ല്യമോ, അതിൽ കൂടുതലോ ആൾബലമുള്ള ഒരു വിഭാഗത്തിന്റെ ആത്മവിശ്വാസം തകർത്തും, ഭയപ്പെടുത്തിയും, ലാത്തിച്ചാർജ്ജ് നടത്തിച്ചും മറ്റുമാണോ നിങ്ങൾ "സമാധാനം", പുനസ്ഥാപിക്കാൻ ശ്രമിക്കുന്നത് ? അങ്ങനെ എങ്കിൽ സമാധാനത്തിന് നിങ്ങളൊക്കെ കൊടുക്കുന്ന നിർവ്വചനം എന്താണ് ? പേടിപ്പിച്ചും, പടക്കം പൊട്ടിച്ചും, ഭരണഘടന കാണിച്ചും കൂട്ടിൽ കയറ്റാൻ നിങ്ങൾ ശ്രമിക്കുന്നത് ഒരു കൂട്ടം മനുഷ്യരെ ആണെന്നും, ഏതു മനുഷ്യ

നെയും കൈകാര്യം ചെയ്യുന്നത് അവന്റെ വിശ്വാസാചാരങ്ങളെ മാനിച്ചും, വ്യക്തിത്വത്തെ അംഗീകരിച്ചും, ആദരിച്ചുമാകണമെന്ന സാമാന്യതത്വം എന്തേ നിങ്ങൾ മറന്നുപോയി ? ഇതു രണ്ടു വ്യക്തികൾ തമ്മിലുള്ള തർക്കമല്ലെന്നും, രണ്ടു പ്രബല സമൂഹങ്ങളെ ബാധിക്കുന്ന വിഷയമാണെന്നും മനസ്സിലാക്കി അത് അർഹിക്കുന്ന ഗൗരവത്തോടും, നയപരമായും കൈ കാര്യം ചെയ്യുന്നതിൽ അങ്ങും, കൂടെയുള്ളവരും അമ്പേ പരാജയപ്പെട്ടു എന്നു പറയുന്ന തിൽ ഒട്ടും തന്നെ തെറ്റില്ല. സഭയുടെ ഭരണക്രമീകരണങ്ങൾക്കായി നിലവിൽ വന്ന 1934-ലെ ഭരണഘടനയുടെ നടപ്പാക്കൽ, വ്യക്തിയുടെ സ്വാതന്ത്ര്യത്തിൽ കൈകടത്തിയും, ഇൻഡ്യാമ ഹാരാജ്യത്തെ ഭരണഘടന പൗരന് ഉറപ്പു നൽകുന്ന മൗലീക അവകാശങ്ങളെ തകർത്തും, സുപ്രീം കോടതി പൗരന്റെ സ്വകാര്യതയുടെ ഭാഗമായി കണ്ട വിശ്വാസ സ്വാതന്ത്ര്യത്തെ ഹനിച്ചും, അവന്റെ പൌരാവകാശങ്ങളെ നിന്ദിച്ചും, നിഷേധിച്ചും, കത്തിക്കയറുന്നതു കാണുമ്പോൾ വാസ്തവത്തിൽ നിങ്ങളുടെ ചിന്താഗതിയിൽ, വീക്ഷണങ്ങളിൽ, തീരുമാനങ്ങ ളിൽ ഒക്കെ, അടിസ്ഥാനപരമായ കുറവുകളും, പാളിച്ചകളും ഇല്ലെന്ന് പറയുക വയ്യ.

“സമാധാനം കൊണ്ടുവരേണ്ടത് അസമാധാനത്തിലൂടെയല്ല” എന്നുള്ള ആൽബർട്ട് ഐൻ സ്റ്റീനിന്റെ വാക്കുകൾ ഓർക്കണം. വ്യവഹാരതത്പരരായ വക്കീലൻമാരുടെ ഉപദേശങ്ങളും, അവിവേകികളായ സ്ഥാപിതതാൽപര്യക്കാരുടെ നിർദ്ദേശങ്ങളും ആകാം നിങ്ങളെ വഴിതെ റ്റിച്ചത്. യേശുതമ്പുരാൻ അരുളിച്ചെയ്യുന്നു.

“നിങ്ങൾ എന്നെ കർത്താവെ, കർത്താവെ എന്നു വിളിക്കുകയും ഞാൻ പറയുന്ന കാര്യ ങ്ങൾ പ്രവർത്താതിരിക്കുകയും ചെയ്യുന്നത് എന്തു കൊണ്ട് ?” (വി. ലൂക്കോസ് 6:46) “ഇതാ ണ് എന്റെ കൽപ്പന: ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹി ക്കണം” (വി. യോഹന്നാൻ 15: 12)

വി. പൗലൂസ് പരിശുദ്ധാത്മനിറവിൽ എഴുതി ........................ “ഞാൻ മനുഷ്യരുടെയും, ദൈവദൂതൻമാരുടെയും, ഭാഷകളിൽ സംസാരിച്ചാലും, എനിക്ക് സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ, ചിലമ്പുന്ന കൈത്താളമോ അത്രെ.................... വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നിലനിൽക്കുന്നു. എന്നാൽ സ്നേഹമാണ് സർവ്വോത്കൃഷ്ടം” (1 കൊ രിന്ത്യർ 13: 1-3) വീണ്ടും, “നിങ്ങൾ അന്യോന്യം സഹോദരതുല്യം സ്നേഹിക്കുവീൻ: പരസ് പരം ബഹുമാനിക്കുന്നതിൽ ഓരോരുത്തരും മുന്നിട്ടു നില്ക്കുവീൻ” (റോമർ 12: 9,10)

ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായും. സഭയിലെ ഏറ്റവും സീനിയർ മെത്രാ നും, പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ സഹോദരപുത്രനുമായ അഭിവന്ദ്യ തോമസ് മാർ അത്തനാസിയോസ് തിരുമേനി പറഞ്ഞ ഒരു ചരിത്രം കേൾക്കണം.

അദ്ദേഹം ഗുജറാത്തിൽ വൈദികനായി എത്തിയ കാലം. ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് അന്ന് അവിടെ ദൈവാലയമില്ല. സഭാംഗങ്ങളെ സംഘടിപ്പിച്ച അദ്ദേഹം അവർക്കായി വി. കുർബ്ബാന അർപ്പിക്കുവാൻ സ്ഥലം അന്വേഷിച്ചു തുടങ്ങി. വി. കുർബ്ബാനയ്ക്കായി പള്ളി കുറച്ചു സമയത്തേക്ക് വിട്ടുകൊടുക്കാം എന്ന് സമ്മതിച്ചിരുന്ന ഒരു സഭാവിഭാഗം സമയമാ യപ്പോൾ തീരുമാനം മാറ്റി, അവർക്ക് ബുദ്ധിമുട്ടുണ്ടെന്ന് അറിയിച്ചു. നിരാശരായ വിശ്വാസി കളെ ആശ്വസിപ്പിച്ച് തിരുമേനി (അന്ന് വൈദികൻ) കത്തോലിക്കാ സഭയുടെ ദേവാലയം എവിടെയാണെന്ന് അന്വേഷിച്ചു. കത്തോലിക്കാ ദേവാലയത്തിലെ വൈദികനെ - ഒരു സ്പാ നിഷ് വൈദികനായിരുന്നത്രെ അദ്ദേഹം - സമീപിച്ച് കാര്യങ്ങൾ വിശദീകരിച്ചപ്പോൾ, ഒന്നും മിണ്ടാതെ അദ്ദേഹം, ബഹു. തിരുമേനിയേയും, വിശ്വാസികളെയും കൂട്ടി ദൈവാലയത്തിന്റെ മുമ്പിൽ ചെന്നു നിന്നു. എന്നിട്ടദ്ദേഹം പറഞ്ഞത്രെ. "This is your church. You can come and Pray at any time." ഈ സംഭവം കേട്ടിരുന്ന ഞങ്ങളുടെ കണ്ണു നിറഞ്ഞു. എത്ര വലിയ സാക്ഷ്യം.... എന്തൊരു വലിയ മനസ്സ്....

പള്ളിക്കുവേണ്ടി കടിപിടി കൂടുമ്പോൾ നിങ്ങൾക്ക് വെളിവ് ലഭിക്കാൻ തക്കവണ്ണം ആ സ്പാനിഷ് അച്ചന്റെ ആത്മാവോട് - ഇതിനകം അദ്ദേഹം കർതൃസന്നിധിയിലേക്ക് വാങ്ങിപ്പോയിരിക്കണം - മാദ്ധ്യസ്ഥം ചോദിക്കണം. പ്രയോജനം കിട്ടും.

ഓരോ പള്ളിയും ഏതോ കാലഘട്ടത്തിൽ കുറെ വിശ്വാസികൾ ചേർന്ന് പണിതുയർത്തിയത് അവർക്കും അവരുടെ പിൻതലമുറയ്ക്കും പ്രാർത്ഥിക്കാനാണെന്നും, നിങ്ങൾക്ക് ആളുകളിക്കാനും, മലങ്കരമെത്രാന് പവ്വറ് കാണിക്കാനും അല്ലാ എന്നുള്ളത് എന്തേ നിങ്ങൾ മറന്നു പോയി? പള്ളി പണിതവരുടെ അനന്തര തലമുറയെ ഒന്നിച്ചുനിന്ന് പ്രാർത്ഥിക്കാൻ - ഏതു സഭയുമാകട്ടെ - പ്രേരിപ്പിക്കുന്നതിന് പകരം നിങ്ങൾ അവരെ ഭിന്നിപ്പിച്ചു, അവരുടെയൊക്കെ പൂർവ്വീകരുടെ ആത്മാക്കളെ കൊഞ്ഞനം കുത്തി കാണിക്കുകയും ചെയ്തു. എന്നിട്ടു നിങ്ങൾ എന്തു നേടി? ആർക്കു ഗുണം വരാനാണ് ഈ കസ്സർത്തൊക്കെ? ഇടവക പള്ളികളിൽ ഇടവക്കാരന് പ്രാർത്ഥിക്കാനും, വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കാനും 1934-ലെ ഭരണഘടന സ്വീകരിച്ചിരിക്കണം എന്ന് നിർബന്ധിക്കുന്ന നിങ്ങളുടെ ഒക്കെ തൊലിക്കട്ടി അപാരം തന്നെ. നിത്യരാജ്യത്തെ അവകാശമാക്കുവാനും ഭരണഘടന സ്വീകരിച്ചിരിക്കണം എന്ന് നിങ്ങൾ പഠിപ്പിക്കുന്ന കാലം വിദൂരമല്ല.

ഒരു ബഹു. അച്ചൻ പ്രസംഗിക്കുന്നതു കേട്ടു. മലങ്കര മെത്രാപ്പോലീത്തായ്ക്ക് എല്ലാ പള്ളിയിലും ഏതു സമയത്തും കയറിച്ചെല്ലുവാനുള്ള അധികാരമുണ്ടത്രെ. എന്തിന് നിങ്ങൾ മലങ്കര മെത്രാൻ എന്നാക്കണം? എല്ലാ പള്ളികളും എല്ലാവർക്കുമായി തുറന്നിടട്ടെ. എല്ലാവരും എപ്പോൾ വേണമെങ്കിലും കയറി പ്രാർത്ഥിക്കട്ടെ. ദൈവനാമം മഹത്വപ്പെടട്ടെ.

ദൈവം ദാനമായി നൽകിയ ഒരു കൊച്ചു ജീവിതം അത് നൽകുന്ന വേദനകൾക്കും, ദുഃഖങ്ങൾക്കും ഇടയിൽ വിശ്വാസികൾ സമാധാനമായൊന്നു പ്രാർത്ഥിക്കട്ടെ. സ്വസ്ഥമായി ജീവിക്കട്ടെ, അതിനു തടസ്സമാകാതിരിക്കാനെങ്കിലും നിങ്ങൾക്കു സാധിക്കണം. സമാധാനക്കേടുണ്ടാക്കുന്നവൻ പിശാചാണ്. എന്തിനിത്ര സംശയം? ഈ പള്ളികളെല്ലാം കക്ഷത്തിലടുക്കി മലങ്കര മെത്രാൻ എങ്ങോട്ടാണ് പോവുക? ഒരു ദിവസം ന്യായാസനത്തിൻ മുമ്പാകെ അങ്ങും നിൽക്കേണ്ടതല്ലേ? ഇന്ന് അങ്ങയുടെ കൂടെ നിൽക്കുന്നവരും, അന്ന് അങ്ങേക്കെതിരായി സാക്ഷ്യം പറയും, അവരെ വഴി തെറ്റിച്ചതിന്.

കോടതി വിധി മുഖാന്തിരം അങ്ങയുടെ മലങ്കരമെത്രാൻ സ്ഥാനത്തിന് ആധികാരികത കൈ വന്നപ്പോൾ, സഭാതർക്കം തീർക്കാനും,ശാശ്വതസമാധാനം സഭയിൽ സ്ഥാപിക്കുവാനും അങ്ങ് ആദ്യം ചെയ്യേണ്ടിയിരുന്നത് ശ്രേഷ്ഠകാതോലിക്കാ ബാവയെ കാണുക എന്നുള്ളതായിരുന്നു. അപ്രകാരം ചെയ്തിരുന്നുഎങ്കിൽ സഭാവഴക്കിൽ മനംമടുത്ത ഈ സമൂഹത്തിൽ അങ്ങയുടെ മഹത്വം വർദ്ധിക്കുമായിരുന്നു എന്നതിൽ തർക്കമുണ്ടോ. അതിനു പകരം മാറി നിന്ന് വിമർശിക്കാനും, വിമർശനത്തിന്റെ മൂർച്ച കൂട്ടുവാനും,വൈരാഗ്യം വർദ്ധിപ്പിക്കുവാനുമാണ് ശ്രമങ്ങൾ ഉണ്ടായത്. പരസ്പരം ഒന്ന് കാണാതിരിക്കാൻ തക്കവണ്ണം ദേവലോകവും പുത്തൻകുരിശും തമ്മിൽആയിരക്കണക്കിന് മൈൽ ദൂരവ്യത്യാസമൊന്നും ഇല്ലല്ലോ. ശ്രേഷ്ഠ ബാവാ വൈദീകനും അങ്ങ് വൈദീക വിദ്യാർത്ഥിയുമായി അടുത്തടുത്ത മുറികളിൽ താമസിച്ച ഒരു കാലമുണ്ടായിരുന്നു എന്ന് അങ്ങ് തന്നെ മലയാളമനോരമയുടെ അഭിമുഖത്തിൽ പറഞ്ഞിരുന്നു. എന്നിട്ടും നിങ്ങൾ തമ്മിൽ കണ്ടില്ല എന്നുള്ളതിന്റെ അർത്ഥം ഇന്നും നിങ്ങളൊക്കെ ഭരിക്കപ്പെടുന്നത് വാശിയുടെയും വൈരാഗ്യത്തിന്റെയും ആത്മാവിൽ തന്നെയാണന്നല്ലേ? പ്രവൃത്തിയിൽ ഇല്ലാതെ പ്രസംഗത്തിൽ സുവിശേഷം പറഞ്ഞിട്ടെന്തു കാര്യം?

സമാധാനപുന:സ്ഥാപനത്തിന് അനുകൂലമായിരുന്ന ഘടകങ്ങൾ ഒന്നൊന്നായി വാക്കാലും, പ്രവൃത്തിയാലും പ്രതികൂലങ്ങളാക്കിത്തീർത്തിട്ട് അന്ത്യോഖ്യാപാത്രിയർക്കീസ് ബാവായുമായി സമാധാനത്തെക്കുറിച്ച് ചർച്ച ചെയ്യും എന്നു പറയുന്നതിൽ എന്താണർത്ഥം ? എല്ലാവരെയും, എല്ലാക്കാലത്തും, എല്ലാതരത്തിലും വിഡ്ഢികളാക്കാൻ ശ്രമിക്കുന്നത് തികച്ചും നിന്ദ്യ

മായ നടപടിയല്ലേ ? സമാധാനം പുനസ്ഥാപിക്കുവാനുള്ള പരസ്പരചർച്ചയുടെ ആദ്യപടി സമാധാനപരമായി ചർച്ചയ്ക്കിരിക്കുവാനുള്ള അന്തരീക്ഷം ഉണ്ടാക്കിയെടുക്കുക എന്നുള്ള താണെന്ന വാസ്തവം പോലും എന്തേ നിങ്ങൾ മറന്നു പോയി. അതോ സമാധാനത്തെക്കുറിച്ച് പ്രസംഗിക്കുകയും, സമാധാനത്തിനെതിരെ പ്രവർത്തിക്കുകയും ചെയ്യുക എന്ന ചില മെത്രാൻമാരുടെ തരം താണ രീതി സഭയുടെ ഔദ്യോഗിക നിലപാടായി എടുത്തുവെന്നോ? എന്താണ് ഒരു സാധാരണ വിശ്വാസി ഈ കോപ്രായങ്ങളിൽ നിന്ന് മനസ്സിലാക്കേണ്ടത് ?

അസ്സമാധാനവും, അരക്ഷിതാവസ്ഥയും വിശ്വാസികളുടെ ഇടയിൽ സൃഷ്ടിച്ച് അവരെ ഗ്രൂപ്പുകളാക്കി നിർത്തിയാൽ മാത്രമേ തങ്ങളുടെ നിഗൂഢലക്ഷ്യങ്ങൾ പൂവണിയു എന്ന പൈശാചിക ചിന്തയാണ് ഇതിന്റെയൊക്കെ പിന്നിൽ എന്ന് ഞങ്ങൾ കരുതുന്നു.

ഇതിന്റെ ഭാഗമായിരിക്കാം അന്ത്യോഖ്യാ പാത്രിയർക്കീസിനെ വിശ്വാസവും, പാരമ്പര്യവും, പരിസ്സരവും മറന്ന് അധിക്ഷേപിക്കുവാനുള്ള ചില മെത്രാൻമാരുടെ വ്യഗ്രത. വിശുദ്ധ കുർബ്ബാനാനന്തരം വിശ്വാസികൾക്ക് കൊടുക്കുന്ന സന്ദേശങ്ങൾ പോലും, പലപ്പോഴും അരോചകമാകും വിധം, പാത്രിയർക്കാവിരോധം കുത്തിനിറച്ച് വൃത്തികേടാക്കുന്നതിൽ ചില മെത്രാന്മാർ ബദ്ധശ്രദ്ധാലുക്കളാണ്. ഇവരുടെയൊക്കെ ഗവേഷണപ്രബന്ധം ആക്ഷേപഹാസ്യ സാഹിത്യത്തിലാണോ എന്നു ചിന്തിക്കുംവിധം അവർ ആ വിഷയം കൈകാര്യം ചെയ്യാറുമുണ്ട്. 1934- ഭരണഘടനയിൽ പരാമർശിക്കുന്ന പാത്രിയർക്കീസ്, അന്ത്യോഖ്യാ പാത്രിയർക്കീസല്ല എന്നു വരെ പറഞ്ഞു വയ്ക്കാൻ തക്കവണ്ണം വിവരക്കേടുള്ള മെത്രാൻമാർ ഉണ്ട് എന്നുള്ളതാണ് ഏറെ ഖേദകരം. അതിനിടയിലും സ്വയം വലുതാക്കി കാണിക്കാൻ ഇവരൊന്നും മറക്കാറുമില്ല.മെത്രാൻസ്ഥാനം മണ്ടത്തരം വിളിച്ചുപറയാനുള്ള അനുവാദപത്രമാണോ ?

അന്ത്യോഖ്യാ പാത്രിയർക്കീസൻമാർ തെറ്റില്ലാവരം ഉള്ളവരാണെന്നോ, അവർ എല്ലാ കുറവുകൾക്കും അതീതരാണെന്നോ പറയാൻ ഞങ്ങളില്ല. എങ്കിലും, ഏതെങ്കിലും കാലത്ത് സഭയെ ശുശ്രൂഷിച്ച ഒരു പാത്രിയർക്കീസ് ബാവായ്ക്കുണ്ടായ നയപരമായ വീഴ്ചയോ, പിഴവോ, ഇന്നും ഈ ആയുഷ്ക്കാലത്തും നമ്മെ മേയിച്ചു ഭരിക്കുന്ന എന്നു വി.കുർബ്ബാനാവേളയിൽ നാം ഏറ്റുപറയുന്ന, മിശിഹാതമ്പുരാനു കീഴിൽ ഇരുവിഭാഗങ്ങളുടെയും തലവനായി ഇന്നും തുടരുന്ന, മലങ്കരയുടെ പ്രഖ്യാപിതപരിശുദ്ധൻമാർ ഉൾപ്പെടെ എല്ലാവരും, എന്നാളും ഭയഭക്തിബഹുമാനങ്ങളോടെ കണ്ടിരുന്ന അന്ത്യോഖ്യാപാത്രിയർക്കീസൻമാരെയും, അന്ത്യോഖ്യാ സിംഹാസനത്തെയും അടച്ചാക്ഷേപിക്കാനുള്ള ലൈസൻസായി കാണുന്നെങ്കിൽ ആ ചേതോവികാരത്തെ വിവരക്കേട് എന്നു വിളിക്കാനാണ് ഞങ്ങൾക്കു താൽപ്പര്യം. അതേ ചേതോവികാരം ഇവിടുത്തെ വിശ്വാസികൾ വച്ചു പുലർത്തിയിരുന്നെങ്കിൽ അവർ എന്നേ നിങ്ങളെയൊക്കെ കല്ലെറിഞ്ഞേനേ : ആദ്യം നിങ്ങളിൽ കുറ്റവും കുറവും ഇല്ലാത്തവർ. പാത്രിയർക്കീസൻമാരെ കല്ലെറിയട്ടെ. അപ്രകാരമുള്ള ആത്മവിശ്വാസമില്ലെങ്കിൽ വിനയത്തോടും, വിവേകത്തോടും പെരുമാറട്ടെ. അതാണു ന്യായം.

അന്ത്യോഖ്യാസിംഹാസനത്തോടുള്ള വിശ്വാസവും, വിധേയത്വവും, സ്നേഹവും, ആദരവുമൊക്കെ തങ്ങളുടെ പ്രത്യാശയുടെയും, ആത്മരക്ഷയുടെയും, ഭാഗമായി കരുതുന്ന ഒരു സമൂഹത്തിന്റെ വിശ്വാസത്തെ കരിതേച്ചിട്ടും, ചവിട്ടിമെതിച്ചിട്ടും, അവരെക്കൂടി ഉൾപ്പെടുത്തി സമാധാനം ഉണ്ടാക്കാം എന്നു കരുതുന്നത് തന്നെ മൌഢ്യമല്ലേ ?

സഭയുടെ വക്കീലും, നീതിന്യായരംഗങ്ങളിൽ ഏറെ മാനിക്കപ്പെട്ട ബഹുമാന്യ ദേഹവുമായിരുന്ന അഡ്വ. കെ.സി.ജോൺ ഒരിക്കൽ സ്വകാര്യസംഭാഷണത്തിൽ പറഞ്ഞത്, അദ്ദേഹത്തിന്റെ ആത്മാവിനോട് ക്ഷമ ചോദിച്ചുകൊണ്ട് കുറിക്കട്ടെ, അദ്ദേഹം പറഞ്ഞു, ഈ സഭ ഒരു കാലത്തും നന്നാകാത്തതിന്റെ കാരണം അന്ത്യോഖ്യ പാത്രിയർക്കീസൻമാരുടെ ശാപം അതിൻമേൽ കിടക്കുന്നതുകൊണ്ടാണ് എന്ന്. “നീ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിലും കെട്ടപ്പെടും, നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിലും അഴിക്കപ്പെടും” എന്ന്

മ്ശിഹാതമ്പുരാൻ വി. പത്രോസിനോട് അരുളിചെയ്തിട്ടുണ്ടെങ്കിൽ, പ. പരുമലതിരുമേനിയുടെ ശൽമൂസയിൽ തിരുമേനി എഴുതിയതുപോലെ, മിശിഹായുടെ സ്ഥാനാപതിയും, പിതാക്കൻമാരുടെ പിതാവും,ഇടയൻമാരുടെ ഇടയനും, സുറിയാനിക്കാരുടെ കിരീടവും ആയി അന്ത്യോഖ്യാ പാത്രിയർക്കീസ് ഇന്നും ആയിരിക്കുന്നെങ്കിൽ, പ. വട്ടശ്ശേരിൽ തിരുമേനി, മതോപദേശസാരത്തിൽ എഴുതിയതുപോലെ, വി. പൗരോഹിത്യത്തിന്റെ ഉറവിടമായി അന്ത്യോഖ്യസിംഹാസനം ഇന്നും തുടരുന്നെങ്കിൽ, അത് ദൈവിക നിശ്ചയത്തിന്റെയും, തിരുവിഷ്ടത്തിന്റെയും ഭാഗമാണെങ്കിൽ, വി.സിംഹാസനത്തെയും,കാലാകാലങ്ങളിൽ സിംഹാസനത്തെ അലങ്കരിക്കുന്ന പാത്രിയർക്കീസൻമാരെയും കാടടച്ച് ചീത്തവിളിക്കുന്ന സമൂഹത്തിന് എങ്ങനെ ഗുണം വരും ?

അല്ലെങ്കിൽ തന്നെ, മലങ്കരയിൽ ഇന്നു കാണുന്ന ദുസ്ഥിതിക്ക് അന്ത്യോഖ്യാ പാത്രിയർക്കീസൻമാരെ പഴിച്ചിട്ട് എന്തു കാര്യം ? ഏറ്റവും കുറഞ്ഞ പക്ഷം ഇപ്പോഴത്തെ പാത്രിയർക്കീസ് ബാവാ തിരുമേനിയും, ഭാഗ്യസ്മരണാർഹനായ അദ്ദേഹത്തിന്റെ മുൻഗാമിയും വ്യക്തമാക്കിയതാണല്ലോ മലങ്കരയിലെ തർക്കം പ്രായോഗിക വശം കണക്കിലെടുത്ത് ഇവിടെ തന്നെ ഇരുകൂട്ടരും കൂടി ചേർന്ന് പരിഹരിക്കണമെന്നും, ഇരുവിഭാഗവും ഒരുമിച്ചെടുക്കുന്ന തീരുമാനം എന്തായാലും അന്ത്യോഖ്യാ സിംഹാസനം അതിനെ അംഗീകരിക്കുമെന്നും. ഒരു വിഭാഗത്തെ ഇല്ലായ്മ ചെയ്യണം എന്ന മട്ടിൽ, അതും ഉന്നത പൗരോഹിത്യ സ്ഥാനികളുടെ അറിവോടും ആശീർവ്വാദത്തോടും കൂടെ മറുവിഭാഗം പെരുമാറുമ്പോൾ പാത്രിയർക്കീസ് എന്തു ചെയ്യാൻ ? 1982-ൽ മോറാൻ മാർ ഇഗ്നാത്തിയോസ് സാഖാ ബാവായും, 2014-ൽ ഇഗ്നാത്തിയോസ് അപ്രേം ബാവായും തങ്ങളുടെ ആദ്യ മലങ്കര സന്ദർശനവേളയിൽ അങ്ങയുടെ വിഭാഗവുമായി സമാധാനചർച്ചകൾക്കായി ഉന്നതമെത്രാൻസമിതിയെ നിയോഗിച്ചിട്ടും തിരിച്ച് അന്തസ്സായി പ്രതികരിക്കാൻപോലും നിങ്ങളാരും മനസ്സു വെച്ചില്ല എന്നതും തികഞ്ഞ അഹന്ത തന്നെയല്ലേ ? ബഹുമാന്യനായ ഡോ. ഡി. ബാബു പോൾ ഐ.എ.എസ്. എഴുതിയതുപോലെ “ഇൻഡ്യാക്കാരായ നമ്മൾ ഓണത്തല്ലു നടത്തുമ്പോൾ കണ്ടു നിൽക്കുന്ന മാവേലിക്കു എന്തു ചെയ്യാൻ സാധിക്കും ?”

ആത്മീയ അഹന്തയാൽ അന്ധരായി, വിവേകം നഷ്ടപ്പെട്ട രീതിയിലും, ഇതു മാതിരി തികഞ്ഞ ധിക്കാരത്തിലും പെരുമാറുന്നതുകൊണ്ട് തന്നെയാണ്, സഭയിലെ നല്ലൊരു ശതമാനം പൗരോഹിത്യസ്ഥാനികളും അഹങ്കാരത്തിന്റെ കൂടാണെന്ന് മറ്റ് സഭകളിലെ സ്ഥാനികളും, വിശ്വാസികളും, സമൂഹത്തിലുള്ള അനേകരും അടക്കം പറയുന്നത്. ഇതേ അഹന്തയാണ്, സംസ്ഥാനത്തെകാബിനറ്റ് റാങ്കുള്ള മന്ത്രിയെ കോട്ടയത്തുള്ള ഒരു പള്ളിയിൽ വച്ച് പരസ്യമായി അപമാനിച്ച് സംസാരിക്കാൻ അങ്ങയെ പ്രേരിപ്പിച്ചത്. ഉത്തരവാദിത്വപ്പെട്ടവർ ക്ഷണിച്ചിട്ടാണ് അദ്ദേഹം എത്തിയതെന്നോർക്കണം. മാന്യനായതുകൊണ്ട് അദ്ദേഹം തിരിച്ചുപോയി. അല്ലെങ്കിലോ ? സംസ്ഥാനം ഭരിക്കുന്ന ഒരു കാബിനറ്റ് മിനിസ്റ്ററെ, ഏതു സഭാദ്ധ്യക്ഷനുമായിക്കൊള്ളട്ടെ പരസ്യമായി അപമാനിച്ചാൽ മറ്റേതു രാജ്യത്തായാലും എന്താകും സ്ഥിതി ? സഭാദ്ധ്യക്ഷൻ അഴിക്കുള്ളിലാകും.................. സമീപകാലത്തൊന്നും സാധാരണഗതിയിൽ ഒരു ഓർത്തഡോക്സ് സഭാംഗം കേരളാ മുഖ്യമന്ത്രി പദവിയിൽ എത്തില്ലാ എന്ന് വ്യക്തമായി അറിഞ്ഞിരിക്കേ, ഓർത്തഡോക്സ് സഭാംഗമായ ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരിക്കുമ്പോൾ അദ്ദേഹത്തെ താറടിക്കാനും, കരി തേച്ച് കാണിക്കാനും ശ്രമിച്ചതും ഇതേ അഹന്തയിൽതന്നെയാണ്. എല്ലാം ക്ഷമിക്കുവാനും എല്ലാവരേയും സ്നേഹിക്കുവാനും തന്റെ പ്രവൃത്തിവഴി നമ്മെ ആഹ്വാനം ചെയ്ത ക്രിസ്തുവിന്റെ സാക്ഷ്യമോ, “ലോക സമസ്താ സുഖിനോ ഭവന്തൂ” എന്ന പ്രാർത്ഥന നൂറ്റാണ്ടുകൾക്കു മുമ്പേ ഏറ്റു ചൊല്ലിയ ഈ മഹത്തായ രാജ്യത്തിന്റെ പാരമ്പര്യമോ, തങ്ങൾക്കുള്ള അവകാശം പകുത്തു നൽകി സഹിഷ്ണതയോടെ ഏവരേയും സ്വീകരിച്ച, സകലത്തെയും ഉൾക്കൊണ്ട ദേശത്തിന്റെ സംസ്കാരമോ, മനുഷ്യൻ എന്നു വിളിക്കപ്പെടുന്നവനുണ്ടായിരിക്കേണ്ട സാമാന്യ ബോധമോ സാമാ

ന്യമര്യാദയോ ഒന്നും തൊട്ടു തീണ്ടിയിട്ടില്ലാത്ത ഈ പ്രവൃത്തികൾ എന്തു ഭാവിച്ചാണ്? നിങ്ങൾ ക്രിസ്തു സഭയുടെ രക്ഷകരോ അതോ അന്തകരോ?

മറ്റ് സഭകളും, വ്യക്തികളും, നമ്മെ എങ്ങനെ വിലയിരുത്തുന്നു എന്നതിന് രണ്ടു ഉദാഹരണം - കത്തോലിക്കാസഭയിലെ, ഒരു പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ 'അന്ത്യോഖ്യൻ ലിറ്റർജി'യെക്കുറിച്ച്, ഒരു സെമിനാർ നടക്കുന്നു. വളരെ വിശിഷ്ടരും, വിജ്ഞാനികളുമായ വ്യക്തികൾ വേദിയിലും, സദസ്സിലും ഇരിക്കുന്നു. അറിയപ്പെടുന്ന വേദശാസ്ത്രജ്ഞനായ ഒരു വൈദീകൻ മുഖ്യപ്രഭാഷണം നടത്തുന്നു. അന്ത്യോഖ്യൻ ലിറ്റർജിയെക്കുറിച്ച് വിശദമായി പ്രതിപാദിക്കുകയും അതിനെ വാനോളം പുകഴ്ത്തുകയും ചെയ്തിട്ട് അദ്ദേഹം പറഞ്ഞു "ഇന്ന് ഭാരതസഭയിൽ യഥാർത്ഥത്തിൽ അന്ത്യോഖ്യൻ ലിറ്റർജിയുടെ കാവൽക്കാരായി അറിയപ്പെടേണ്ടത് രണ്ട് സഭകളാണ്, യാക്കോബായ സഭയും, ഓർത്തഡോക്സ് സഭയും, എങ്കിലും അവരുടെ സഭാ തർക്കത്തിൽ അവർ സ്വീകരിക്കുന്ന നിലപാടുകളും, അതുവഴി അവർക്ക് നഷ്ടപ്പെട്ട ക്രൈസ്തവസാക്ഷ്യവും ധാർമ്മികമായി അവരെ അതിന് അർഹരാക്കുന്നില്ല."

കോലഞ്ചേരിപള്ളി പ്രശ്നം കത്തിനിൽക്കുന്ന സമയം - തിരുവനന്തപുരത്തെ അറിയപ്പെടുന്ന ഒരു ലേഡി ഡോക്ടർ - ഗൈനക്കോളജിസ്റ്റ് - ഹിന്ദു മേനോൻ സമുദായംഗം. നമ്മുടെ ഒരു വീട്ടിൽ അതിഥിയായെത്തുന്നു. ഈശോയോട് - അങ്ങനെയാണവർ കർത്താവിനെ വിളിക്കുക പ്രാർത്ഥിക്കാറുള്ള അവർ വീട്ടുകാരുടെ കൂടെ സന്ധ്യാപ്രാർത്ഥനയിൽ സംബന്ധിച്ചു. പ്രാർത്ഥനയ്ക്കുശേഷം അവർ വീട്ടുകാരനോട് ചോദിച്ചു, "തൊപ്പിവച്ച അച്ചന്മാരും ബിഷപ്പുമാരും നിങ്ങളുടെ സഭയിൽ പെട്ടതാണോ ?" അതേ, എന്നു വീട്ടുകാരന്റെ മറുപടി. ദീർഘനിശ്വാസത്തോടെ ഡോക്ടർ, "എന്തൊരു അഹങ്കാരത്തോടും ധാർഷ്ട്യത്തോടും കൂടിയാണ് അവർ സംസാരിക്കുക. ടിവിയിൽ ഒക്കെ കാണുമ്പോൾ വളരെ വിഷമം തോന്നാറുണ്ട്. ഇവരൊക്കെ ഈശോയോട് തന്നെയാണോ പ്രാർത്ഥിക്കുക?" സുറിയാനിക്കാരനായ വീട്ടുകാരൻ എന്തു മറുപടി പറയാൻ - സ്വന്തം പിതാക്കന്മാർ അവരുടെ തന്നെ പ്രവൃത്തിദോഷം മൂലം വിമർശിക്കപ്പെടുമ്പോൾ, മക്കൾ എന്തു ചെയ്യാൻ?

ഉന്നത പൗരോഹിത്യസ്ഥാനത്തേയ്ക്ക് കടന്നു വരുമ്പോൾ, കൈവരിക്കുന്ന ഏറെ മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും, ആർഭാടരീതികളും, കുടുംബജീവിതത്തിന്റെ ആശങ്കകളോ, ആകുലതകളോ, ബുദ്ധിമുട്ടോ അറിയാത്ത അവസ്ഥയും(ദയറാക്കാരുടെ കാര്യത്തിൽ) സമൂഹത്തിൽ ഉന്നതർ എന്നു കരുതപ്പെടുന്നവരുമായുള്ള പുതിയ ബന്ധങ്ങളും, തങ്ങൾ എന്തോ ആയി മാറി എന്നുള്ള വ്യർത്ഥ ചിന്തയും, വിശ്വാസികൾ നിരന്നു നിന്ന് കൈമുത്തുമ്പോൾ, വെളിവില്ലെങ്കിൽ ഉണ്ടാകാവുന്ന ആത്മീയ അഹന്തയും, ആരും തിരുത്താൻ ഇല്ലാത്ത സാഹചര്യങ്ങളും, ഇവയൊക്കെ ആകാം അനേകം മെത്രാൻമാരേയും, വൈദീകരേയും ഈ നിലയിലാക്കിയത്. പണ്ട് നാട് ഭരിച്ചിരുന്ന രാജാക്കൻമാരെപ്പോലെ പ്രജകളുടെ ജീവിത സാഹചര്യങ്ങളും, തങ്ങളെക്കുറിച്ചുള്ള അവരുടെ വിലയിരുത്തലുകളും അറിയാൻ നിങ്ങളും വേഷപ്രച്ഛന്നരായി ഇറങ്ങണം., ഇടയ്ക്കെങ്കിലും. ഏറ്റവും കുറഞ്ഞ പക്ഷം ഒരു പ്രാവശ്യമെങ്കിലും കാൻസർ വാർഡിൽ പോകണം, സാധിക്കുമെങ്കിൽ ഒരാഴ്ച രോഗികൾക്കൊപ്പം ചിലവിടണം, വൈദീകർക്കുള്ള നല്ല ധ്യാനങ്ങളിൽ സംബന്ധിക്കണം, കൂടുതൽ സമയം ശിശുക്കളുമായി ചിലവിടണം, എല്ലാത്തിനുമുപരി നന്നായി വി. വേദപുസ്തകം വായിക്കണം, ക്രൂശിതന്റെ ത്യാഗത്തെക്കുറിച്ചെപ്പോഴും ഓർക്കണം. അപ്പോൾ നിഗള/ധിക്കാര ഭാവങ്ങൾക്കൊക്കെ മാറ്റം വരും. പരിശുദ്ധാത്മാവിന് വിരോധമായ സ്വഭാവവൈകല്യങ്ങൾ മാറുകയും ചെയ്യും.

ഈ പറഞ്ഞ വെല്ലുവിളികൾക്കിടയിലും വിളിച്ചവനോടുള്ള വിശ്വസ്തത കൈവിടാതെ ക്രിസ്തുവിന്റെ ഭാവത്തോടെ ജനത്തെ ശുശ്രൂഷിക്കുന്ന ഇടയൻമാരെ ഓർക്കുന്നു. അവരെ പ്രതി സർവ്വശക്തനായ ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.

നിങ്ങളുടെയൊക്കെ പ്രവൃത്തികളുടെ ഫലമായി സഭ വിട്ടുപോയവർ വളരെയേറെയാണ്. ഇന്നും ധാരാളം പേർ സഭയോട് വിടപറയുന്നുണ്ട്. നിങ്ങളുടെ അഭിപ്രായത്തിൽ ആത്മരക്ഷ സാധ്യമാകാത്ത സമൂഹങ്ങളിൽ എത്തിപ്പെട്ട ആ ആത്മാക്കളെക്കുറിച്ചെന്തെങ്കിലും ചിന്താഭാര മുണ്ടെങ്കിൽ ഇമ്മാതിരി രീതികൾ അവസാനിപ്പിക്കണം.

വിശ്വാസസമൂഹത്തെ ഭരിക്കുന്നതിനുപകരം, അധികാരത്തിന്റെ അംശവടി മാറ്റി ഇടയത്വ ത്തിന്റെ വടി കൈയിലേന്തി വിശ്വാസസമൂഹത്തെ ശുശ്രൂഷിക്കാൻ പൂർവ്വപിതാക്കളെപ്പോലെ നിങ്ങൾ തയ്യാറായാൽ ഇതിനൊക്കെ മാറ്റം വരും.

"തങ്ങളിൽ വലിയവൻ ആരാണ് എന്നൊരു തർക്കം അവരുടെ ഇടയിൽ ഉണ്ടായി. അപ്പോൾ യേശു അവരോട് പറഞ്ഞു. വിജാതിയരുടെ മേൽ അവരുടെ രാജാക്കൻമാർ ആധിപത്യം അടിച്ചേൽപ്പിക്കുന്നു. തങ്ങളുടെമേൽ അധികാരമുള്ളവരെ അവർ ഉപകാരികളായി കണ ക്കാക്കുകയും ചെയ്യുന്നു. എന്നാൽ, നിങ്ങൾ അങ്ങനെയായിരിക്കരുത്. നിങ്ങളിൽ ഏറ്റവും വലിയവൻ ഏറ്റവും ചെറിയവനെപ്പോലെയും അധികാരമുള്ളവൻ ശുശ്രൂഷകനെപ്പോലെയും ആയിരിക്കണം. ആരാണു വലിയവൻ, ഭക്ഷണത്തിനിരിക്കുന്നവനോ പരിചരിക്കുന്നവനോ ? ഭക്ഷണത്തിനിരിക്കുന്നവനല്ലേ ? ഞാനാകട്ടെ നിങ്ങളുടെ ഇടയിൽ പരിചരിക്കുന്നവനെപ്പോ ലെയാണ്." (വി.ലൂക്കോസ്. 22 : 24, 27)

വിശ്വാസസമൂഹത്തെ, വെളിവോടും, വിശുദ്ധിയോടും, കൂടെ സ്വർഗ്ഗീയകനാനിലേയ്ക്ക് നയിക്കേണ്ട മെത്രാൻസമൂഹത്തിലെ ഭൂരിഭാഗം പേരും, സ്വന്തം നിലയും, വിലയും, വിളിയും മറന്ന് പ്രസംഗിക്കുകയും, പ്രവർത്തിക്കുകയും, സമ്പാദിക്കുകയും, സമൂഹത്തിൽ വളരെ സാമ്പത്തികസ്ഥിതയുള്ളവർക്കുപോലും അപ്രാപ്യമായ ഏറ്റം മുന്തിയ വാഹനങ്ങൾ സ്വന്ത മാക്കി, അരമനകളിലും, പാലസ്സുകളിലും(അങ്ങനെയാണല്ലോ നിങ്ങൾ തന്നെ വാസസ്ഥല ത്തിനു പേരിട്ടിരിക്കുന്നത്) വിശാലമായി മേശ കഴിച്ച്, പള്ളി ഉറങ്ങി തികഞ്ഞ ആർഭാടത്തോ ടെ ജീവിക്കുകയും, രാജ്യവും, ശക്തിയും, മഹത്വവും എന്നേയ്ക്കും എനിക്കുള്ളതാകുന്നു എന്ന മട്ടിൽ ചരിക്കുകയും എന്റെ ദൈവമേ ഞാൻ നിന്റെ ദൈവമാകുന്നു എന്ന ഭാവത്തിൽ പ്രാർത്ഥിക്കുകയും, ദൈവത്തെ മറന്നുള്ള ഈ സകല വിക്രിയകൾക്കിടയിലും സർവ്വാംഗം വിശുദ്ധരായി ഭാവിച്ച് വചനം വിളമ്പി വിശ്വാസികളെ വിഡ്ഢികളാക്കുകയും ചെയ്യുന്നതു കാണുമ്പോൾ ഓർമ്മ വരുന്നത് അഞ്ചാം തുബ്ദേനിൽ സ്മരിക്കപ്പെടുന്ന സ്വർണ്ണനാവുകാര നായ മോർ ഈവാനിയോസ് നാലാം നൂറ്റാണ്ടിൽ എഴുതിയ ശ്ളീഹൻമാരുടെ നടപടിക്രമം എന്ന പുസ്തകത്തിലെ ഏതാനും വരികളാണ്. (ശ്ളീഹൻമാരുടെ നടപടിക്രമം-ജോൺ ക്രി സോസ്റ്റം- പ്രസാ: വടവാതൂർ സെമനാരി) അദ്ദേഹം എഴുതി, "മെത്രാൻമാരുടെ ഇടയിൽ രക്ഷിക്കപ്പെടുന്നവർ ഏറെ ഉണ്ടാകും എന്നു ഞാൻ കരുതുന്നില്ല. നശിച്ചു പോവുന്നവരായി രിക്കും ഏറെയും. ദൈവം മനുഷ്യനായി വീണ്ടെടുക്കുവാൻ തക്കവണ്ണം വിലയുള്ളതാണ് ഒരു ആത്മാവെങ്കിൽ, അതിനെ നശിപ്പിക്കുന്നവന് ദൈവം കൊടുക്കുന്ന ശിക്ഷ എത്രയോ വലുതായിരിക്കും." ഈ വാക്കുകൾ നിങ്ങൾക്ക് ബാധകമാകരുതെ എന്നു പ്രാർത്ഥിക്കുന്നു.

നിങ്ങളിലുള്ള വിശ്വാസപ്രകാരം, നിങ്ങളുടെ നിർദ്ദേശങ്ങളും, ആഹ്വാനങ്ങളും ചെവി ക്കൊണ്ട് ഇറങ്ങിപ്പുറപ്പെടുന്ന വിശ്വാസിക്ക് സംഭവിക്കുന്ന ആത്മീയ തകർച്ചയുടെയും അപ ചയത്തിന്റെയും ഉത്തരവാദിത്വത്തിൽ നിന്ന് നിങ്ങൾ എങ്ങനെ തെറ്റി ഒഴിയും ?

ആത്മാവിന്റെ വില അറിയണമെങ്കിൽ ആത്മാക്കളെക്കുറിച്ചുള്ള ഭാരം ഉണ്ടായിരിക്കണം, ആത്മാക്കളെ വീണ്ടെടുക്കാൻ സർവ്വശ്കതനായ ദൈവം അനുഷ്ഠിച്ച ത്യാഗത്തെക്കുറിച്ചുള്ള ബോധ്യവും ഉണ്ടായിരിക്കണം.

നാം നിസ്സാരരെന്നു കരുന്ന വ്യക്തികളുടെ ആത്മാക്കളെക്കുറിച്ചും നമ്മുടെ വീണ്ടെടുപ്പു കാരനായ യേശുതമ്പുരാൻ ഭാരപ്പെടുന്നു എന്നു നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ആയതി ന്റെ ഒരു ഉദാഹരണം-'Evangilical Union' (E.U)എന്ന സംഘടനയുടെ സ്ഥാപകനും, വിശാഖ

പട്ടണം മെഡിക്കൽ കോളേജിൽ പ്രൊഫസറും പ്രസിദ്ധ ജീവശാസ്ത്രജ്ഞനുമായിരുന്ന പ്രഫ. എച്ച്. Enoch ന്റെ വിഖ്യാതമായ ഗുരുവിനു പിൻപെ എന്ന ആത്മകഥയിൽ നിന്ന് ഒരേട് (പേജ് നമ്പർ 56, മുതൽ 63) ലോകം തികച്ചും നിസ്സാരരായി കരുതുന്ന രണ്ടു വ്യക്തികളുടെ മരണത്തിനു തൊട്ടു മുമ്പായി അവരെ വീണ്ടെടുപ്പിന്റെ സുവിശേഷം കേൾപ്പിച്ച ദൈവകരുതലിന്റെ ചരിത്രം നമ്മുടെ കണ്ണു തുറപ്പിക്കട്ടെ.................................

"വഴിതെറ്റിപ്പോയവരെ കർത്താവിനുവേണ്ടി നേടിയെടുക്കേണ്ടതെങ്ങനെയെന്നും അതിനുള്ള ഉത്തരവാദിത്വം ദൈവത്തിന്റേതാണെന്നും നാം അതിനുള്ള ഉപകരണങ്ങൾ മാത്രമാണെന്നും കർത്താവ് എനിക്കു മനസ്സിലാക്കിത്തന്നു. വി.യോഹന്നാന്റെ സുവിശേഷം 15-ാം അദ്ധ്യായത്തിൽ എഴുതിയിരിക്കുന്നവിധം കർത്താവിൽ വസിക്കുവാൻ ഞാൻ പരിശീലിക്കുകയായിരുന്നു. നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവു മഹത്വപ്പെടുന്നു എന്ന ഭാഗത്തെക്കുറിച്ചു ധ്യാനിച്ചപ്പോൾ,നാംദിവസം തോറും, മണിക്കൂർതോറും, എല്ലാ നിമിഷം തോറും ക്രിസ്തുവിൽ വസിക്കുന്നുവെങ്കിൽ മാത്രമേ അവന്റെ സ്വഭാവം നമ്മിൽ പ്രതിഫലിക്കുകയുള്ളു എന്ന് ഗ്രഹിച്ചു. ഒരു ക്രിസ്ത്യാനി ചെയ്യേണ്ടത് ഇതുമാത്രമാണ്. അങ്ങനെ നാം ചെയ്യുമ്പോൾ ദൈവത്തെ നമ്മിൽ വസിക്കാൻ അനുവദിക്കുന്നു എന്നതിനു പുറമെ നമ്മിലും നമ്മിലൂടെയും അവന്റെ മഹത്വത്തിനായി ഫലം കായ്ക്കാൻകൂടി നാം അവനെ അനുവദിക്കുകയാണ്.

ഈ സത്യം കൂടുതലായി മനസ്സിലാക്കാൻ സഹായിച്ച മറ്റൊരു സംഭവം ഉണ്ടായി. അതും ഞാൻ മുക്കുവരുടെ കൂടെ താമസിക്കുന്ന കാലഘട്ടത്തിലാണ്. ഒരു ദിവസം, ഒരു തിങ്കളാഴ്ചയാണെന്നു തോന്നുന്നു, ഞാൻ മെഡിക്കൽകോളേജിലേക്കു നടന്നുപോകുകയായിരുന്നു. ഞാൻ പതിവായി പോകാറുണ്ടായിരുന്നത് മിസ്സസ്സ് ഏ.വി.എൻ.കോളേജിന്റെ അടുത്തുകൂടിയുള്ള വഴിയിലൂടെയാണ്. അതിനടുത്തുള്ള കളിസ്ഥലത്തിന്റെ അരികിലുണ്ടായിരുന്ന ഒരു വാളൻപുളിയുടെ കീഴിൽ ഒരു കുഷ്ഠരോഗി വന്നു കിടക്കുമായിരുന്നു. ആ ദിവസം ഞാൻ അതിലെ കടന്നുപോകുമ്പോൾ ആ കുഷ്ഠരോഗിയോട് നീ എന്നെക്കുറിച്ചു സംസാരിച്ചിട്ടുണ്ടോ? എന്നു കർത്താവു ചോദിക്കുന്നതായി കേട്ടു.

ഏതാണ്ട് മൂന്നു വർഷങ്ങളായിട്ട് അയാളെ നിത്യേന ഞാൻ കാണാറുള്ളതാണ്. അയാളുടെ അമ്മ ഒരു പാത്രത്തിൽ ആഹാരം കൊണ്ടുവന്ന് അയാളുടെ മുന്നിൽ ഇട്ടുകൊടുത്തിട്ടു പോകും. അവർ മകന്റെ അടുത്ത് അധികം നേരം നിൽക്കുകയില്ല: കാരണം അയാളുടെ ദേഹം ആസകലം വ്രണങ്ങളായിരുന്നു. ചെവികളും, മൂക്കും, കാലിലെയും,കൈയിലെയും,വിരലുകളും ഭാഗികമായി നഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു. ദേഹം പൊതിഞ്ഞ് ഈച്ചകളും കാണപ്പെട്ടിരുന്നു.

കർത്താവിന്റെ ശബ്ദത്തെ അനുസരിക്കാതിരിപ്പാൻ എനിക്കു കഴിഞ്ഞില്ല. ഞാനയാളുടെ അടുക്കൽ ചെന്ന് കർത്താവായ യേശുവിനെക്കുറിച്ചു സംസാരിച്ചു. മിഷ്യൻസ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന കാലത്ത് അയാൾ യേശുവിനെക്കുറിച്ചു കേട്ടിരുന്നു. എന്നാൽ ഞാൻ വർണ്ണിച്ചുകൊടുത്ത തരത്തിൽ യേശു ഇപ്പോഴും ജീവിക്കുന്ന ഒരാളാണെന്ന് അയാൾ തിരിച്ചറിഞ്ഞിരുന്നില്ല. അയാൾ പറഞ്ഞു:- യേശു ഞങ്ങളുടെ ശ്രീരാമനെയും ശ്രീകൃഷ്ണനെയും പോലുള്ള ഒരു ഭഗവാനാണെന്നാ ഞാൻ കരുതിയിരുന്നത്. സാറു പറഞ്ഞത് കേട്ടിട്ട് അദ്ദേഹം സാറിന്റെ കൂട്ടത്തിൽ താമസിക്കുവാണെന്നു തോന്നുന്നല്ലോ? സാറദ്ദേഹത്തിന്റെ കാര്യം എന്നോടു പറയുന്നത് അദ്ദേഹം തന്നെ പറഞ്ഞിട്ടാണ് അല്ലേ? അതു വളരെ രസകരമായിരിക്കുന്നല്ലോ ?

അയാളുടെ ഈ കുഷ്ഠരോഗാവസ്ഥയിലും യേശു കർത്താവ് അയാളെ സ്നേഹിക്കുന്നുവെന്നും അയാൾക്കുവേണ്ടിയാണ് കർത്താവ് തന്നെത്താൻ ക്രൂശുമരണത്തിനുഏൽപ്പിച്ചുകൊടുത്തതെന്നും കർത്താവിനെ സ്വന്തം രക്ഷകനായി സ്വീകരിച്ചാൽ അയാളുടെ പാപങ്ങൾ

ക്ഷമിച്ച് സമാധാനവും ശാന്തതയും തന്നനുഗ്രഹിക്കുമെന്നും ഞാനയാളോടു പറഞ്ഞു. ഇതു കേട്ടപ്പോൾ അയാൾക്കു സന്തോഷമായി. ഞാൻ ഈ രാത്രിയിൽ അദ്ദേഹത്തോടു പ്രാർത്ഥിക്കും. അയാൾ പറഞ്ഞു. അയാളെ വിട്ടിട്ട് ഞാൻ ജോലിക്കു പോയി.

പിറ്റേദിവസം ഞാനതിലേ പോകുമ്പോൾ സന്തോഷം നിറഞ്ഞ മുഖത്തോടെ അയാൾ എന്നെ വിളിച്ചു. പറഞ്ഞിരുന്നതുപോലെ രാത്രിയിൽ യേശുവിനോടു പ്രാർത്ഥിച്ചുവെന്നും അപ്പോൾ യേശു അയാളുടെ അടുത്തു വന്നുവെന്നും പറഞ്ഞു. അയാളുടെ വാക്കുകൾ ഏതാണ്ടിപ്രകാരമായിരുന്നു. വെള്ളവസ്ത്രമാണദ്ദേഹം ധരിച്ചിരുന്നത്. അദ്ദേഹത്തിന്റെ മുടി സ്വർണ്ണത്തിന്റെ നിറമുള്ളതും തോളുകൾ കവിഞ്ഞു കിടക്കുന്നതുമായിരുന്നു. ദേഹം നല്ലശോഭ കൊണ്ട് തിളങ്ങിയിരുന്നു. അങ്ങനെയൊരു കാഴ്ച ഞാനെന്റെ ആയുസ്സിൽ കണ്ടിട്ടില്ല. എനിക്കു മാറാത്ത സുഖക്കേടു തന്നതുകൊണ്ട് ഞാൻ എന്നെത്തന്നെയും ദൈവത്തെയും പിരാകിക്കൊണ്ടാണ് ഇക്കഴിഞ്ഞ വർഷങ്ങളെല്ലാം തള്ളിനീക്കിയത്. ഇപ്പോൾ എന്റെ മനപ്രയാസം മാറിയിരിക്കുന്നു. ഈ രോഗം പിടിപെട്ടതിന് ദൈവത്തിന് നന്ദി പറയുന്നു. അല്ലായിരുന്നെങ്കിൽ ഒരുപക്ഷെ ഈ അത്ഭുതകാഴ്ച കാണാൻ പറ്റുകയില്ലായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ സ്നേഹം കണ്ടിരിക്കുന്നു. അദ്ദേഹത്തെ ഞാനെന്റെ കയ്യും കാലും കാണിച്ചു. അന്നേരം കർത്താവെന്നോടു വിഷമിക്കേണ്ടാ, എന്നെ സ്വർഗ്ഗത്തിലെ വീട്ടിൽ കൊണ്ടുപോയ്ക്കൊള്ളാം എന്നു പറഞ്ഞു. അദ്ദേഹത്തിന്റെ കൂടെ അങ്ങനെ പോകാൻ ഇടയാകാൻ സാർ എന്റെ പേർക്കു പ്രാർത്ഥിക്കണം. എനിക്കിനി ജീവിതത്തിൽ വേറൊരാശയും ഇല്ല. ക്രിസതുവിന്റെ കൂടെ ആയിരുന്നാൽ മതി.

അയാളുടെ അനുഭവം കേട്ട് ഞാൻ സന്തോഷിച്ച് വീട്ടിലേക്കു മടങ്ങി. ആ ആഴ്ച അവസാനം, വെള്ളിയാഴ്ച ഞാൻ കോളേജിൽ നിന്ന് തിരികെ വരുമ്പോൾ എന്നെ അടുത്തുവിളിച്ച് അയാൾക്ക് വയറ്റിൽ വേദനയുണ്ടെന്നു പറഞ്ഞു. ഞാൻ കുറച്ചു മരുന്നു കൊണ്ടുവന്നു തരാമെന്നു പറഞ്ഞപ്പോൾ അയാളുടെ മറുപടി ഇതായിരുന്നു:- സാർ, ഇനി എനിക്കു മരുന്നൊന്നും വേണ്ട. കർത്താവു എനിക്കു വാക്കുതന്നതുപോലെ എന്നെ എത്രയുംവേഗം അങ്ങോട്ടു കൊണ്ടുപോകുവാൻ സാറുകൂടി പ്രാർത്ഥിച്ചാൽ മതി. അങ്ങനെ ചെയ്യാമെന്ന് ഞാൻ സമ്മതിച്ചു.

വീട്ടിൽ വന്ന് എന്റെ കൂട്ടുകാരനായ ശ്രീധർമ്മചാരിയോട് ഈ വിവരം പറഞ്ഞു. ശനിയും ഞായറും അവധിയായിരുന്നതുകൊണ്ട് ധർമ്മചാരി തിങ്കളാഴ്ച രാവിലെ അയാളെ അന്വേഷിച്ച് അവിടെ ചെന്നു. അയാളെ അവിടെ കണ്ടില്ല. അടുത്തുള്ള കടക്കാരനോടു തിരക്കിയപ്പോൾ ഞായറാഴ്ച അയാൾ മരിച്ചെന്നും, അവർ ഹിന്ദുക്കളായതുകൊണ്ട് അയാളെ ദഹിപ്പിച്ചുകാണുമെന്നും പറഞ്ഞു.

അതിന്റെ അടുത്താഴ്ച മറ്റൊരു സംഭവം ഉണ്ടായി. ബാപ്റ്റിസ്റ്റുചർച്ചിലെ ശിപായിയായ ഒരു ഹിന്ദുയുവാവ് വരിസംഖ്യയുടെ കണക്കുബുക്കുമായി എന്റെ അടുക്കൽ വന്നു. ഞാൻ മാസവരി കൊടുത്തു. അയാൾ തിരിച്ചുപോകാൻ സൈക്കിളിന്റെ അടുത്ത് ചെന്നപ്പോൾ നീ അവനോടു കർത്താവിനെക്കുറിച്ചു പറഞ്ഞിട്ടുണ്ടോ ? അവൻ നാളെ മരിച്ചാൽ അവന്റെ ആത്മാവിനെക്കുറിച്ചുള്ള ഉത്തരവാദിത്വം നിന്നിൽ അവശേഷിക്കുകയില്ലേ ? എന്നൊരു ചോദ്യം എന്റെ ഉള്ളിൽ മുഴങ്ങിക്കേട്ടു. ഞാൻ പെട്ടെന്ന് കൈകൊട്ടി അയാളെ തിരികെ വിളിച്ചു. അയാൾ സൈക്കിളിൽ നിന്നിറങ്ങി എന്റെ അടുത്തു വന്നു. തെലുങ്കുഭാഷ എനിക്കത്ര വശമില്ലാതിരുന്നതിനാൽ സംസാരിക്കുന്നതിനുപകരം കർത്താവിനെക്കുറിച്ച് തെലുങ്കിലുള്ള ഒരു ലഘുലേഖയെടുത്ത് അയാളുടെ കയ്യിൽ കൊടുത്തു. എന്നിട്ടു പറഞ്ഞു: - മുത്തിയാലൂ, (അയാളുടെ പേര് അതായിരുന്നു) താൻ ഇതു വായിച്ച് കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കണം.

ഇത്തരം ഉപദേശങ്ങളെ സാധാരണ അപഹാസ്യമാക്കുന്ന പ്രകൃതക്കാരനായിരുന്നു മുത്തിയാലു. പക്ഷേ അന്നത്തെ എന്റെ ഗൗരവഭാവം കണ്ടിട്ട് എന്റെ ഉപദേശം സ്വീകരിക്കുകയും വായിച്ചുകൊള്ളാമെന്ന് സമ്മതിച്ചുകൊണ്ട് പോവുകയും ചെയ്തു. പിറ്റേന്നു വൈകിട്ടു ആഴ്ചതോറുമുള്ള പ്രാർത്ഥനയ്ക്കായി ഞാൻ പള്ളിയിൽ ചെന്നു. എന്നാൽ അന്നു പതിവുള്ളതുപോലെ വിളക്കു കത്തിച്ചിട്ടില്ലല്ലോ എന്ന് ഓർത്തു. മുത്തിയാലുവിനെക്കുറിച്ച് അന്വേഷിച്ചു. അപ്പോഴാണറിയുന്നത് അന്നു വൈകുന്നേരം അയാൾ പള്ളിയിലോട്ടു സൈക്കിളിൽ പോരുമ്പോൾ ഹൃദ്രോഗബാധ ഉണ്ടായെന്നും വഴിവക്കിൽകിടന്ന് ഏതാനും മണിക്കൂറുകൾക്കു മുമ്പു മരണമടഞ്ഞെന്നും.

അയാൾ ക്രിസ്തുവിൽ വിശ്വസിച്ചോ ഇല്ലയോ എന്ന് എനിക്കിന്നും അറിഞ്ഞുകൂടാ. എന്നാൽ തലേന്നു കേട്ട കർത്താവിന്റെ വാക്കുകൾ എത്ര സത്യമാണെന്ന് ഞാൻ തിരിച്ചറിഞ്ഞു.

ആ കാലയളവിൽ, ഒരു ദിവസം അതിരാവിലെ ഞാൻ പരീക്ഷക്കടലാസ് നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. പുറത്തേക്കു നോക്കിയപ്പോൾ ഒരു നൂറുനൂറ്റമ്പതു വാരയകലെ വഴിയരികിൽ ഒരു മനുഷ്യൻ കിടക്കുന്നതു കണ്ടു. മുക്കുവന്മാർ അയാളുടെ അടുത്തു വന്നു നോക്കിയിട്ടു കടന്നു പോകുന്നതും ഞാൻ ശ്രദ്ധിച്ചു. യേശുവായിരുന്നു എന്റെ സ്ഥാനത്തെങ്കിൽ എന്തു ചെയ്യുമായിരുന്നു. എന്നു ഞാൻ ചിന്തിച്ചു. അയാളുടെ അടുത്തു ചെല്ലാനുള്ള ഒരു ശക്തമായ പ്രേരണയുണ്ടായതനുസരിച്ചു ചെന്ന് അന്വേഷിച്ചു. അയാൾക്ക് അസഹ്യമായ വയറ്റുവേേദനയുണ്ടായിരുന്നു. കിങ് ജോർജ് ഹോസ്പിറ്റലിൽ കൊണ്ടുചെന്ന് ചികിത്സിപ്പിക്കാമെന്ന് ഞാൻ പറഞ്ഞു. പക്ഷെ അയാൾ വേണ്ടെന്നു പറഞ്ഞിട്ട് നാട്ടിൽ കിട്ടുന്ന വേറെ ഒരു മരുന്ന് അൽപ്പം കിട്ടിയാൽ ഉപകാരമായി എന്നു പറഞ്ഞു. എടുത്തു ചോദിച്ചപ്പോൾ കിടന്ന കിടപ്പിൽ പോക്കറ്റിൽ നിന്ന് അയാൾ പൈസ എടുത്ത് അടുത്തു നിന്ന ഒരാളിന്റെ കൈയിൽ കൊടുത്തിട്ട് അൽപ്പം കറുപ്പു വാങ്ങിക്കൊടുക്കണമെന്നു പറഞ്ഞു. അയാൾ കറുപ്പു വാങ്ങാൻ പോയിക്കഴിഞ്ഞപ്പോൾ ഞാനയാളോട് കർത്താവിനെക്കുറിച്ച് പറഞ്ഞു. അയാൾ താണസ്വരത്തിൽ നിർത്തി നിർത്തി ഇങ്ങനെ പറഞ്ഞു :- ഞാൻ ഇരുപതു മൈൽ ദൂരെ നിന്നു നടന്നു വരികയാണ്. എന്റെ ഉദ്ദേശ്യം സാറിനെ കാണുക എന്നുള്ളതായിരുന്നു. ക്രിസ്തുവിന്റെ സമാധാനത്തിനുവേണ്ടി ഞാൻ ദാഹിക്കുകയാണ്. സാർ ദയവായി യേശുവിനെക്കുറിച്ച് എന്നോടു കൂടുതൽ പറയണം. ക്രിസ്തു അയാൾക്കുംകൂടിവേണ്ടിയാണ് മരിച്ചതെന്നും അയാളുടെ എല്ലാ പ്രയാസങ്ങളും തീർത്തു തരുവാൻ അവൻ ശക്തിയുള്ളവനാണെന്നും ഇപ്പോഴത്തെ രോഗത്തിൽ നിന്ന് വിടുതൽ തരികയോ അല്ലാത്തപക്ഷം തന്റെ പക്കൽ ചേർത്തുകൊള്ളുകയോ ചെയ്യുമെന്നും ഞാനയാളോട് പറഞ്ഞു.

അയാൾ വളരെ അവശനായിക്കഴിഞ്ഞിരുന്നു. അയാളാവശ്യപ്പെട്ടതനുസരിച്ച് കുടിക്കാൻ അല്പാല്പം വെള്ളം, വായിൽ ഒഴിച്ചുകൊടുത്തു. അത് കഴിഞ്ഞ് ഞാൻ ചുരുങ്ങിയ ഒരു പ്രാർത്ഥന തെലുങ്കിൽ ചൊല്ലിക്കൊടുത്തു. - കർത്താവേ, നീ എന്റെ പാപത്തിനു വേണ്ടി മരിച്ചെന്നു ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ എന്റെ പാപങ്ങൾ എന്നോടു ക്ഷമിച്ച് എന്നെ നിന്റെ സ്വന്തം ആക്കണമെ, ആമ്മേൻ.

പിന്നെ അയാൾ ഒന്നും ഉരിയാടിയില്ല. അയാളുടെ മിഴികൾ തുറന്നിരുന്നു. അനക്കം ഇല്ലെന്നായി. ഒന്നോ രണ്ടോ മിനിറ്റിനകം അയാൾ മരിച്ചുകഴിഞ്ഞു. ഞാനയാളെ താങ്ങി നേരെ കിടത്തിയിട്ട് മുനിസിപ്പൽ ഓഫീസിൽ വിവരം അറിയിച്ചു. അവർ ശവം മറവു ചെയ്തു.

നാം ക്രിസ്തുവിൽ വസിക്കുമ്പോൾ അവൻ നമ്മിലൂടെ ഫലം പുറപ്പെടുവിക്കും എന്നു ഞാൻ ഇത്തരം പല സംഭവങ്ങളിലൂടെ വ്യക്തമായി മനസ്സിലാക്കി. ആത്മീയഫലം കായ്ക്കേണ്ടതിനു നാം അധികമായി ക്ലേശിക്കേണ്ടതില്ല: കാരണം ദൈവം മുൻകൂട്ടി അനേകരുടെ ഹൃദയത്തിൽ പ്രവർത്തിച്ച് അവരെ രക്ഷയിലേക്കു വരാൻ സജ്ജമാക്കി നിർത്തിയിട്ടുണ്ട്, അവ

രോട് നാം ഒരു വാക്കു പറഞ്ഞാൽ മതിയാകും, ഉടനെ അവർ ക്രിസ്തുവിന്റെ പക്കലേയ്ക്കു വന്നകൊള്ളും, വി. യോഹന്നാന്റെ സുവിശേഷം 4-ാം അദ്ധ്യായം 35-ാം വാക്യത്തിൽകർത്താവു പറയുന്നത് ഇതുതന്നെയാണ്:- ''നിങ്ങൾ തല പൊക്കിനോക്കിയാൽ നിലങ്ങൾ ഇപ്പോൾ തന്നെ കൊയ്തിനു വെളുത്തിരിക്കുന്നതുകാണുമെന്ന് ഞാൻ നിങ്ങളോടു പറയുന്നു.''

സമാധാനപരമായ സഹവർത്തിത്വത്തിലൂടെയും, പരസ്പരബഹുമാനത്തിലൂടെയും പ്രവർത്തിക്കാൻ തികച്ചും ഭിന്നമായ ലക്ഷ്യങ്ങളും, വീക്ഷണങ്ങളുമുള്ള രാഷ്ട്രീയപാർട്ടികളും, രാഷ്ട്രങ്ങളും വരെ തയ്യാറാകുന്ന ഇക്കാലത്ത്, ത്യാഗത്തിന്റെ വലിയ മാതൃക കാട്ടിത്തന്ന് ''ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ'' (വി. മത്തായി- 11:29) എന്ന് നമ്മോടു കൽപ്പിക്കുന്ന യേശുതമ്പുരാന്റെ അനുയായികൾ എന്നു വിളിക്കപ്പെടുന്നവർക്ക് എന്തുകൊണ്ടീ നന്മ സാധിക്കുന്നില്ല. അത് സാധിക്കണം, സാധിച്ചേ മതിയാവൂ, കാരണം അത് ദൈവീകതിരുവിഷ്ടത്തിനൊത്തതാണ്.

V.W. VIERSBY എന്ന പ്രശസ്ത ഗ്രന്ഥകാരൻ 'പ്രത്യാശയുള്ളവരായിരിപ്പീൻ' എന്ന ഗ്രന്ഥത്തിലൂടെ ഓർപ്പിക്കുന്നു.

''സ്വർഗ്ഗീയ പൌരൻമാർ എന്ന നിലയിൽ നാം ഐക്യമായി നിലകൊള്ളണം. ദൈവത്തിന്റെ കരുണയ്ക്കും, കൃപയ്ക്കും എന്തു ചെയ്യുവാൻ കഴിയുമെന്ന് ഒന്നിച്ചു നിന്നു ലോകത്തിന് കാണിച്ചുകൊടുക്കേണ്ടവരാണ് നാം...........................സ്വർഗ്ഗീയ പൌരൻമാരും, ദൈവീകശുശ്രൂഷകരുമായവർ പരസ്പരം പോരടിക്കുമ്പോൾ, രക്ഷിക്കപ്പെടാത്ത ജനങ്ങൾ എന്തു പറയുമെന്ന് ഞാൻ അത്ഭുതപ്പെടുകയാണ്............................ഐക്യതയുടെ ഉറവിടവും, പ്രചോദനവും യേശുക്രിസ്തുവാണ്. നമ്മുടെ ശ്രദ്ധയും, അഭിനിവേശവും അവനിൽ കേന്ദ്രീകരിക്കുമെങ്കിൽ നാം ഒന്നിച്ച് നടക്കുകയും പ്രവർത്തിക്കുകയും ചെയ്യും. നാം നമ്മിലേക്കാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നതെങ്കിൽ, ഭിന്നത വിളിച്ചു വരുത്തുകയായിരിക്കും ഫലം.........................

ദൈവം നമ്മെ വിവിധ ശുശ്രൂഷകൾക്കായി വിളിച്ചേക്കാം. വിവിധ രീതിയിൽ പ്രവർത്തിക്കാൻ നിയോഗിച്ചേക്കാം. എങ്കിലും പരസ്പരം സ്നേഹിക്കുവാനും, ലോകത്തിന്റെ മുമ്പാകെ ഒന്നിച്ചൊരു സാക്ഷ്യം വഹിക്കുവാനും നാം പരിശ്രമിക്കേണ്ടതാണ്. എല്ലാത്തിലുമുപരി നാമെല്ലാം സ്വർഗ്ഗത്തിൽ ഒന്നിച്ച് കൂടേണ്ടവരുമാണ്. അങ്ങനെയെങ്കിൽ ഇവിടെ വച്ച് തന്നെ പരസ്പരം സ്നേഹിക്കുവാൻ പഠിക്കുമെങ്കിൽ അത് ഏറ്റവും നല്ല ആശയമാണ്.'' മിലാനിലെ ബിഷപ്പും, വിശുദ്ധനുമായ മോർ അഗസ്റ്റിൻ അക്കാര്യം ഇങ്ങനെ വ്യക്തമാക്കി. ''സുപ്രധാനകാര്യങ്ങളിൽ ഐക്യം, അപ്രധാനകാര്യങ്ങളിൽ സ്വാതന്ത്ര്യം, എല്ലാക്കാര്യങ്ങളിലും സ്നേഹം.''

ദൈവേഷ്ടം നിറവേറ്റാനുള്ള സമർപ്പണം, മറ്റുള്ളവരെ വേദനിപ്പിക്കാതെ സംസാരിക്കാനും, പെരുമാറാനുമുള്ള സന്നദ്ധത, നിങ്ങളെയൊക്കെ എന്തിന് വിളിച്ചു എന്ന് തിരിച്ചറിയാനുള്ള വിവേകം, സമൂഹത്തെക്കൊണ്ട് അധികം ദുഷി പറയിക്കാതിരിക്കാനുള്ള -സാമാന്യബുദ്ധി, സർവ്വോപരി ന്യായവിധിക്കായി യേശുതമ്പുരാൻ വീണ്ടും വരുമെന്ന തിരിച്ചറിവ് ഇവയാൽ സർവ്വശക്തനായ ദൈവം നിങ്ങളെ ഏവരേയും, അതുവഴിയായി ഞങ്ങളേയും അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഇപ്രകാരം എഴുതിയതുകൊണ്ട് ഞങ്ങൾ സഭയുടെ വക്കാലത്ത് എടുത്തവരാരെണന്ന് ധരിക്കേണ്ട. സുറിയാനി സഭാംഗങ്ങളായി ജനിക്കാനും ജീവിക്കാനും ദൈവം ഇടയാക്കിയതുകൊണ്ട് വി.സഭയുടെ ചരിത്രത്തെയും, വിശ്വാസപാരമ്പര്യങ്ങളെയും കുറിച്ചും പരാമർശിച്ചു എന്നു മാത്രം. ഏതു സഭയുടേതുമാകട്ടെ, സമൂഹത്തിന്റേതുമാകട്ടെ - പ്രസ്തുത ലേബൽ' വരുവാനുള്ള ലോകത്തിലെ പുതിയ ജീവനിലേക്ക് പ്രവേശിക്കുവാനുള്ള മുഖാന്തിരമായി ഞങ്ങൾ കരുതുന്നില്ല. അത് സർവ്വശക്തനായ ദൈവം ന്യായം വിധിക്കേണ്ട കാര്യമാണല്ലോ, അന്ത്യന്യായവിധിയിൽ നിങ്ങൾക്കും, ഞങ്ങൾക്കും, ദൈവീകസിംഹാസനത്തിൽ നിന്ന്

കരുണ ലഭിക്കട്ടെ. യേശുക്രിസ്തുവിലേയ്ക്കും, അവന്റെ രക്ഷാസുവിശേഷത്തിലേയ്ക്കും തിരിയുകയും, വിശ്വാസികളെ തിരിപ്പിക്കുകയും ചെയ്യുക എന്നതാണ് പരമപ്രധാനം, എന്നറിയണം. മറ്റൊന്നും രക്ഷയ്ക്കുള്ള മുഖാന്തിരമല്ലല്ലോ. ഭാഗ്യസ്മരണാർഹനായ മോറാൻ ഇഗ്നാത്യോസ് സാഖാ ബാവാ തിരുമനസ്സ് 1995-ൽ മലങ്കരയ്ക്കുള്ള ഒരു കൽപനയിൽ എഴുതി, "പാത്രിയർക്കീസോ, കാതോലിക്കോസോ അല്ല, പരിശുദ്ധാത്മാവത്രെ സഭയെ ഭരിക്കേണ്ടത്." ആ തിരിച്ചറിവ് നമുക്കും ഉണ്ടാകണം. വിശ്വാസികൾക്ക് സഭയിലുള്ള സകല വിശ്വാസവും നഷ്ടപ്പെടുന്ന രീതിയിൽ പ്രവർത്തിക്കാതെ, പാരമ്പര്യവും, പൊങ്ങച്ചവും, ചമച്ചുണ്ടാക്കിയ ചരിത്രങ്ങളും പറഞ്ഞ് വരും തലമുറയെ വഴിതെറ്റിച്ച് അവരെയും അഹങ്കാരത്തിന്റെ കൂടുകളാക്കാതെ, യേശുക്രിസ്തുവിനും, തന്റെ രക്ഷണ്യവേലയ്ക്കും മുഖ്യസ്ഥാനം കൊടുക്കുന്ന ഒരു നല്ല മാതൃക വെച്ചേച്ചുപോകുവാൻ നിങ്ങൾക്കും ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ജനത്തെ പേടിച്ച് ദൈവകൽപ്പന അവഗണിക്കുകയും, നിനുവയ്ക്ക് പകരം തർസീസിലേയ്ക്ക് കപ്പൽ കയറുകയും ചെയ്ത യോനായെ അല്ല, നിനുവയിൽ ചെന്ന് ജനങ്ങളോട് ദൈവവചനം പ്രസംഗിക്കുകയും, അവരുടെ ആത്മാക്കളെ വീണ്ടെടുക്കുകയും ചെയ്ത യോനാപ്രവാചകനെയും, അനേകം ഭാര്യമാരുണ്ടായിരിക്കെ , സാധുവായ ഊരിയാവിനെ ചതിയിൽ കൊലപ്പെടുത്തി അവന്റെ ഭാര്യയെ അപഹരിച്ച ദാവീദുരാജാവിന്റെ മുഖത്തു നോക്കി കുറ്റം വിധിച്ച നാഥാൻ പ്രവാചകനെയും പോലുള്ള പിതാക്കൻമാരെയാണ് സഭയ്ക്കിന്നാവശ്യം.

"നിങ്ങളിൽ ജ്ഞാനിയും വിവേകിയുമായവൻ ആർ ? അവൻ ജ്ഞാനലക്ഷണമായ സൌമ്യതയോടെ നല്ല നടപ്പിൽ തന്റെ പ്രവൃത്തികളെ കാണിക്കട്ടെ. എന്നാൽ നിങ്ങൾക്കു ഹൃദയത്തിൽ കൈപ്പുള്ള ഈർഷ്യയും, ശാഠ്യവും ഉണ്ടെങ്കിൽ സത്യത്തിനു വിരോധമായി പ്രശംസിക്കുകയും, ഭോഷ്ക് പറയുകയുമരുത്. ഇത് ഉയരത്തിൽനിന്നു വരുന്ന ജ്ഞാനമല്ല, ഭൌമീകവും, പ്രാകൃതവും, പൈശാചീകവും ആയതത്രേ. ഈർഷ്യയും, ശാഠ്യവും ഉള്ളേടത്ത് കലക്കവും സകല ദുഷ്പ്രവൃത്തിയും ഉണ്ട്. ഉയരത്തിൽ നിന്നുള്ള ജ്ഞാനമോ, ഒന്നാമതു നിർമ്മലവും, പിന്നെ സമാധാനവും, ശാന്തതയും, അനുസരണവുമുള്ളതും, കരുണയും, സൽഫലവും നിറഞ്ഞതും, പക്ഷപാതവും, കപടവും ഇല്ലാത്തതുമാകുന്നു. എന്നാൽ സമാധാനം ഉണ്ടാക്കുന്നവർ സമാധാനത്തിൽ വിതച്ചു, നീതി എന്ന ഫലം കൊയ്യും." (വി. യാക്കോബ് 3: 16-18).

ഈ കത്ത് അങ്ങയെ വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ ക്ഷമിക്കണം. അതിലേറെ വേദന ഞങ്ങൾക്കുള്ളതുകൊണ്ടാണ് ഇപ്രകാരം എഴുതിയത്.

"അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ. അഴുക്കുള്ളവൻ ഇനി അഴുക്കാകട്ടെ. നീതിമാൻ ഇനിയും നീതി ചെയ്യട്ടെ. വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ. ഇതാ ഞാൻ വേഗം വരുന്നു. ഓരോരുത്തനും അവനവന്റെ പ്രവർത്തിക്ക് തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കലുണ്ട്. ഞാൻ അൽഫയും ഒമേഗയും ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു." (വെളിപാട് 22: 11-13).

നിർത്തട്ടെ

പ്രാർത്ഥനയോടും, ആദരവോടും

ഒരുകൂട്ടം വിശ്വാസികൾ

കോപ്പി: മലങ്കര സഭയിലെ എല്ലാ മെത്രാൻമാർക്കും, സ്ഥാനികൾക്കും, സഹോദര സഭകളിലെ പിതാക്കൻമാർക്കും ശ്രേഷ്ഠ വ്യക്തികൾക്കും ..................................